LO
m 37
Vd 9

# പാദുവായിലെ മറിയം.



പാദുവായിലെ മറിയം.

(15-ാമത്തെ വയസ്സിൽ)

എലിസബത്ത് ഉതുപ്പ്, ബി. എ.

3038

# പാദുവായിലെ മറിയം.

ഗ്രന്ഥകർത്രി.

എലിസബെത്തു് ഉത്തുപ്പു് ബി. ഏ.,

(വെള്ളായ്പ്പറമ്പിൽ)

മലയാളം ലക്ചറർ,

സെൻറു് തെരീസാസു് കോളേജ്, എറണാകുളം.

ദ്രമാറ്റ

സ

...ന്നാംപതിപ്പു്, കോപ്പി 1000.

മാർ ലൂയിസു് മെമ്മോറിയൽ പ്രസ്സു്,

എറണാകുളം.

1935.

HOUSE OF STUDIES T.O.C.D. MANGALORE
CANCELLED
DEFINITORY T.O.C.D. LIBRARY. No. 4
CANCELLED
LO 07 M37
DHARMARAM COLLEGE LIBRARY. BANGALORE. 26555

IMPRIMATUR,

ERNAKULAM,
*13—6—35.*

*T. Nedumkal V. G.*

S. M. Carmelite Hospice
KANKANADY P.O. S.K.

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | v |
| | ആമുഖം | vii |
| | സമർപ്പണം | x |
| | മറിയത്തിന്റെ ചില മഞ്ജുഭാഷണങ്ങൾ | xi |
| I. | ബാല്യം | 1 |
| II. | വിദ്യാഭ്യാസം | 5 |
| III. | പ്രേഷകവൃത്തി | 8 |
| IV. | കാൽവരിയിലേയ്ക്കുള്ള പ്രഥമപദവിന്യാസം | 10 |
| V. | പ്രഥമദിവ്യകാരുണ്യസ്വീകരണം | 12 |
| VI. | ഭദ്രമാർഗ്ഗത്തിൽ | 14 |
| VII. | സഹനവും ആത്മസമർപ്പണവും | 20 |
| VIII. | പുതിയ കുരിശുകൾ | 26 |
| IX. | ദീനക്കിടക്കയിലെ വേദപ്രചാരവേല | 34 |
| X. | ഉദാരപരിത്യാഗം | 40 |
| XI. | കന്യാവ്രതവാഗ്ദാനം | 44 |
| XII. | അന്ത്യഘട്ടം | 47 |
| XIII. | ദൈവേഷ്ടം പൂർത്തിയായി | 53 |

# അവതാരിക.

ശ്രീമതി ഏലി ഉത്തുപ്പ് ബി. എ. തിരുവനന്തപുരം രാജകീയ ആർട്സ് കാളേജിൽ ബി. ഏ. യ്ക്കു മലയാളം ഐച്ഛികമായി എടുത്തു പഠിച്ചുകൊണ്ടിരിക്കുമ്പോഠം അവരുടെ പഠിത്തവിഷയത്തിലുള്ള ശ്രദ്ധയും, ഗദ്യരചനയിലുള്ള സാമത്ഥ്യവും എനിക്കു നല്ലപോലെ ബോദ്ധ്യമായിട്ടുള്ള സംഗതികളാണ്. കാളേജ് വിട്ടതിനുശേഷം തന്റെ അഭ്യസനത്തിനനുരൂപമായ ഒരു പദ്ധതിയിൽതന്നെ—അതായതു നാട്ടുഭാഷാദ്ധ്യാപനത്തിൽ—പ്രവത്തിച്ചുവരികയും ചെയ്യുന്നു. ആകയാൽ അവരുടെ ദ്വിതീയകൃതിയായ ഈ "പാദുവായിലെ മറിയം" എന്ന ഗദ്യഗ്രന്ഥം വായിച്ചുനോക്കുന്നതിലും, ഒരഭിപ്രായം പറയുന്നതിലും എനിക്കവകാശമുള്ളതുപോലെ, അളവററ സന്തോഷവും ഉണ്ട്.

'പാദുവായിലെ മറിയം' ശൈശവംമുതൽ ദൃഢമായ ഈശ്വരഭക്തിയിൽ ലീനമാനസയായി വളൎന്ന ഒരു ക്രിസ്തീയബാലികയാണ്. ആ ഭക്തി പരീക്ഷിച്ചുനോക്കുവാനോ എന്നു തോന്നുമാറ് ഈശ്വരൻ അവളെ നിരന്തരമായ ക്ലേശാനുഭവത്തിനു പാത്രമാക്കി. ഈ വിശുദ്ധകന്യക ധമ്മപഥത്തിൽനിന്നും ലേശവും വ്യതിചലിക്കാതെ കഷ്ടതകഠം അമാനുഷമായ സഹിഷ്ണുതയോടുകൂടി അനുഭവിച്ച് ഒടുവിൽ ദിവ്യപാദങ്ങളിൽ ആത്മാപ്പണം ചെയ്യുതാലോചിക്കുമ്പോഠം, ക്ലേശഭൂയിഷ്ഠമായ ഐഹികജീവിതത്തിൽ നിസ്സഹായരായ മനുഷ്യക്ക് ഈശ്വരവിശ്വാസമല്ലാതെ ശരണീകരണീയമായി

മററൊന്നുമില്ലെന്നും, അതുണ്ടായാൽ ആൎക്കും ഏതവസ്ഥയിലും ആശാഭരിതരായി കാലംകഴിച്ചുകൂട്ടാമെന്നും ഒരു പാഠം ഈ ഗ്രന്ഥത്തിൽനിന്നും ഗ്രഹിക്കാവുന്നതാണു്.

ഈ പുസ്തകത്തിലെ ഭാഷാരീതി ലളിതവും, നിസൎഗ്ഗസുന്ദരവും ആണെന്നു് ഏതുഭാഗവും വിളിച്ചുപറയുന്നുണ്ടു്. "ആ ഇളംകോമളാങ്കുരം ഒരു വനവൃക്ഷമായി പരിണമിക്കരുതെന്നു കരുതി, അവളുടെ സ്വഭാവരൂക്ഷതയെ നശിപ്പിക്കുന്നതിൽ . . . ചെയ്തു". ഇമ്മാതിരിയുള്ള വാക്യങ്ങളിൽ പദഭംഗിയും, ഗാംഭീൎയ്യവും പോരെന്നു് ആരും പറയുന്നതല്ല. ക്രിസ്തീയ മതസിദ്ധാന്തങ്ങൾ പ്രതിപാദിക്കുമ്പോൾ ഭാഷാഗൌരവം പോരെന്നു ചിലർ അപവാദം പറയാറുണ്ടു്. എന്നാൽ ഈ ഗ്രന്ഥകൎത്രിയുടെ ഭാഷാരീതിയിൽ ശബ്ദാൎത്ഥങ്ങൾക്കും പ്രതിപാദ്യസംഗതികൾക്കും അനുയോജ്യമായ ഘടനകൊണ്ടു സൌഭാഗ്യകരമായ ശയ്യാഗുണം ഉണ്ടായിരിക്കുന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഇടയ്ക്കിടയ്ക്കു് അനവധാനതകൊണ്ടോ മററോ വന്നുപോയിട്ടുള്ള ചില നിസ്സാരങ്ങളായ സ്ഖലിതങ്ങളും ഒന്നോ രണ്ടോ ശൈലീഭംഗങ്ങളും അടുത്തപതിപ്പിൽ പരിഹരിക്കുമെന്നു വിശ്വസിക്കുന്നു. ആകപ്പാടെ നോക്കുന്നതായാൽ ശ്രീമതി ഏലി ഉതുപ്പിൻെറ ഈ കൃതി സന്താനവതിയായി സാഹിത്യമണ്ഡലത്തിൽ പ്രശോഭിക്കുമെന്നും, അവരുടെ സാഹിത്യപരിശ്രമം അനുസ്യൂതമായും അനുഗ്രഹവത്തായും തീരുമെന്നും പ്രതീക്ഷിക്കാവുന്നതാണു്. അതിലേയ്ക്കായി ഈശ്വരനും സഹായിക്കട്ടേ !

തിരുവനന്തപുരം,
൧൧൦൰ മിഥുനം ൧൬-ാംനു-

പി. അനന്തൻപിള്ള.

# ആമുഖം.

അനേകരുടെ രക്ഷയ്ക്കും ചിലരുടെ നാശത്തിനും കാരണമായിരിക്കുന്ന ഒരു പ്രശ്നം നമ്മേ അഭിമുഖീകരിക്കുന്നുണ്ട്. അതാണു കഷ്ടതകൾ. കഷ്ടതയുടെ രഹസ്യം ഗ്രഹിക്കുന്നതിനു പല മഹാന്മാരും ചിന്തകന്മാരും ശ്രമിക്കാതിരുന്നിട്ടില്ല. ചിലർ ലോകത്തിൽനിന്നു കഷ്ടതകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനു അക്ഷീണയത്നം ചെയ്യുന്നു. പക്ഷെ പണ്ടെന്നപോലെ ഇന്നും ലോകത്തിൽ കഷ്ടതകളുണ്ടായിരിക്കുന്നു; മേലിലും ഉണ്ടാകുമെന്നുവേണം ന്യായമായി പ്രതീക്ഷിക്കുവാൻ. കഷ്ടതകളെപ്പററിയുള്ള ഈ പ്രശ്നത്തിനു ക്രിസ്തു മാത്രമേ ഒരു സമാധാനം നൽകിയിട്ടുള്ളു. "നീ നിന്നെത്തന്നെ പരിത്യജിച്ചു നിന്റെ കുരിശും എടുത്തുകൊണ്ട് എന്റെ പിന്നാലെ വരിക" എന്നുള്ള അവിടത്തെ ഉപദേശത്തിൽനിന്നു ലോകത്തിൽ കഷ്ടതകളുണ്ടായിക്കൊണ്ടിരിക്കുമെന്നും അത് ഓരോരുത്തരുടെയും ഭാവ്യൈശ്വര്യങ്ങൾക്കു നിദാനമാണെന്നും തെളിയുന്നു.

ഈ ക്രൈസ്തവപ്രബോധനത്തെപ്പററി ചിന്തിക്കുന്നവർ കഷ്ടതകളുണ്ടാകുമ്പോൾ ഭീരുത്വമോ നിരാശയോ പ്രകടിപ്പിക്കുകയില്ല. ആനന്ദമാകുന്ന രത്നം സ്ഫുടംവയ്ക്കുവാനുള്ള ചൂളയാണു കഷ്ടതകളെന്നുള്ള വസ്തുത മനസ്സിലാക്കാത്തവരാണു കഷ്ടതകൾ കണ്ടു ദുഃഖിക്കുന്നത്. തങ്ങളുടെ വാത്സല്യഭാജനമായ ശിശുവിന് എന്തെങ്കിലും രോഗം പിടിപെടുകയൊ, ധനസംബന്ധമായ നഷ്ടം നേരിടുകയൊ, മററിതുപോലെയുള്ള വിഷമങ്ങളുണ്ടാകുകയോ ചെയ്യുമ്പോൾ അതു തങ്ങളുടെ നന്മയ്ക്കാണെന്നു കരുതി ദൈവത്തെ സ്തുതിക്കുന്ന മാതാപിതാക്കന്മാർതന്നെ എത്ര വിരളമായിരിക്കുന്നു! ഈ ലോകം ക്ഷണപ്രഭാചഞ്ചലമാണെന്നും, ശാശ്വതമായുള്ളതു പരലോകജീവിതമാണെന്നും,

ആ ജീവിതത്തിലെ ആനന്ദങ്ങൾക്കുവേണ്ടി ഇഹത്തിൽ കഷ്ടപ്പെടുന്നതു പരമാൎത്ഥത്തിൽ ഒരു വിജയമാണെന്നുമുള്ള ബോദ്ധ്യംകൊണ്ടാണ് അനേകം വിശുദ്ധന്മാർ പീഡകളെ സ്വയംവരിച്ചിട്ടുള്ളതു്.

ഈ ചെറുഗ്രന്ഥത്തിലെ കഥാനായികയായ മറിയം നമ്മുടെ കാലത്തു ജീവിച്ചിരുന്ന ഒരു ബാലികയാണ്. യൌവനപ്രായത്തിലെത്തുന്നതിനു മുൻപുതന്നെ അവൾ അവൎണ്ണനീയങ്ങളായ കഷ്ടതകൾ സഹിച്ചുകൊണ്ടു് ഈ ലോകം വെടിഞ്ഞു. ഇത്രയധികം കഷ്ടതകൾ സഹിക്കുവാൻ ഒരു പെൺകുട്ടി പ്രാപ്തയാണോയെന്നു്, ഇങ്ങനെ കഷ്ടതകൾ സ്വയംവരിക്കുവാൻ ഒരു ബാലിക സന്നദ്ധയാകുമോയെന്നു്, നമുക്കു് ആശങ്കയുണ്ടായേക്കാം. പക്ഷെ പരിഷ്കൃതലോകത്തിന്റെ കേന്ദ്രമായ ഒരു ഭൂഭാഗത്തു്, നമ്മുടെ സമകാലീനയായി ജീവിച്ച ആ ബാലികയുടെ ചരിത്രം അനിഷേദ്ധ്യമായ ഒരു വസ്തുതയായി നില്ക്കുന്നു. സംഭവങ്ങളുടെ യാഥാൎത്ഥ്യം അവിതൎക്കിതമാകുകയാൽ, ഈ പീഡാസഹനത്തിനു് അവൾ എങ്ങനെ പ്രാപ്തയായി എന്നുമാത്രമേ നമുക്കു് അന്വേഷിക്കേണ്ടതുള്ളു.

പീഡകൾ ശാന്തമായി സഹിക്കുന്നതിനു് അവൾക്കു് എന്തൊരു ശക്തിയാണു പ്രേരണ നൽകിയതു്? പീഡാസാഗരത്തിന്റെ അടിത്തട്ടുവരെ മുങ്ങിയ ക്രിസ്തുനാഥനിൽ അവൾക്കുണ്ടായ അചഞ്ചലവിശ്വാസമാണ് ആ ശക്തി. തങ്ങളുടെ ഓമനനന്ദിനി ദൈവത്തിന്റെ ഒരു വിശ്വസ്തപുത്രിയായിത്തീരണമെന്നുള്ള ആഗ്രഹത്തോടെ അവളെ വളൎത്തിക്കൊണ്ടുവന്ന ആ മാതാപിതാക്കന്മാരുടെ മതബോധമാണു പരോക്ഷമായി അവൾക്കു പ്രേരണ നൽകിക്കൊണ്ടിരുന്നതു്. ബാലപരിചരണത്തിൽ മാതാപിതാക്കന്മാർ സ്വീകരിക്കേണ്ട പദ്ധതിയെന്തെന്നു് എലീസിയോവും എമീലിയായും നമുക്കു മാതൃക നൽകുന്നു. ആകയാൽ ഈ ചെറുപുസ്തകം വായിക്കുന്ന മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങളുടെ വളൎത്തലിൽ ഒന്നുകൂടെ

നിഷ്കർഷ പ്രദർശിപ്പിക്കുമെങ്കിൽ, ബാലികാബാലന്മാർ തങ്ങളുടെ സഹോദരിയായിരുന്ന 'മറിയ'ത്തെ അനുകരിക്കുവാൻ യത്നിക്കുമെങ്കിൽ, ഈ ഗ്രന്ഥരചനയ്ക്കായി ഞാൻ ചെയ്തിട്ടുള്ള ശ്രമം ഒട്ടും നിഷ്ഫലമല്ല.

എൻെറ ആഗ്രഹാനുസരണം ഈ ഗ്രന്ഥം അവധാനപൂർവ്വം വായിച്ച് പ്രൌഢമായ ഒരു അവതാരികകൊണ്ട് അതിനെ അലങ്കരിച്ച എൻെറ വന്ദ്യഗുരുഭൂതനും, തിരുവനന്തപുരം രാജകീയ ആർട്ട്സ് കോളേജ് പ്രൊഫസറുമായ ശ്രീമാൻ പി. അനന്തൻപിള്ള എം. എ. അവർകളോട് എനിക്കുള്ള ഹൃദയപൂർവമായ കൃതജ്ഞതയെ സാദരം പ്രകടിപ്പിച്ചുകൊള്ളുന്നു. ഈ കൃതി ഇത്ര ഭംഗിയായി അച്ചടിച്ചുതന്ന എറണാകുളം മാർ ളൂയിസ് മെമ്മോറിയൽപ്രസ്സ് ഭാരവാഹികളോടും ഞാൻ അതീവകൃതജ്ഞയായിരിക്കുന്നു.

എറണാകുളം,
3—7—1935.

എന്നു, ഗ്രന്ഥകർത്രി.

# സമർപ്പണം.

മൂന്നുനൂററാണ്ടുകൾക്കു മുൻപു ദിവംഗതനായ

പുണ്യശ്ലോകൻ

കുറവിലങ്ങാട്ട്, പള്ളിവീട്ടിൽ,

**പനങ്കുഴയ്ക്കൽ ബ. വലിയച്ചൻെറ**

പാവനസ്മരണയ്ക്കായി ഈ വിനീതോപഹാരം

സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്രി.

# മറിയത്തിന്റെ ചില മഞ്ജൂഭാഷണങ്ങൾ.

"വെണ്മഃയറിയ തിരുവോസ്തിയിൽ, എനിക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയിരിക്കുന്ന ഈശോയെ ഞാൻ കാണുന്നു."

"വിശുദ്ധ കുർബ്ബാന സ്വീകരിക്കുമ്പോൾ, എന്റെ ആത്മാവു പ്രാർത്ഥനയിൽ ലയിച്ചു്, ഈശോയോടുകൂടി മധുരസംഭാഷണം ചെയ്യുന്നു. ഈ സ്വർഗ്ഗീയസന്ദർശനങ്ങൾ എന്റെ ആത്മാവിനു് എത്രയോ അധികം പ്രകാശവും ശക്തിയും നൽകുന്നു!!"

"ഞാൻ ഈശോയുടെ സ്വന്തമാകുന്നു. എന്റെ ഹൃദയം ഞാൻ ആ ദിവ്യഹൃദയത്തിൽ ഉറപ്പിച്ചിരിക്കുന്നു; എന്നെ യാതൊന്നും ക്ലേശിപ്പിക്കുന്നില്ല."

"ഈശോ ഇഷ്ടംപോലെ എന്നെ എന്തെങ്കിലും ചെയ്യട്ടെ; പക്ഷേ, എന്നെ ഏററം, ഏററം, ഏററം നല്ലവളാക്കണം."

"കഷ്ടത ഒരനുഗ്രഹമാണു്. "നിന്റെ തിരുമനസ്സു് പോലെയാകട്ടെ" എന്നു പറയുന്നതു വലിയ കാര്യമല്ല. രക്ഷകൻ നമുക്കു നൽകുന്ന കുരിശുകൾക്കായി നാം അവിടുത്തോടു കൃതജ്ഞത പ്രകാശിപ്പിക്കുകയാണു വേണ്ടതു്."

"ഞാൻ സഹനത്തിൽ തൃപ്തയായിരിക്കുന്നു. ഞാൻ മർദ്ദിക്കപ്പെടുന്നതിനായി ഈശോയുടെ തൃക്കരങ്ങളിൽ സമർപ്പിക്കപ്പെട്ട ഒരു ചെറിയ മുന്തിരിക്കുലയാകുന്നു."

"ഞാൻ വാസ്തവത്തിൽ ഈശോയുടെ വാത്സല്യകുഞ്ഞാടു്—ബലികഴിക്കപ്പെടുന്നതിനുപോലും തയാറായ കുഞ്ഞാടു്—ആകുന്നു. അങ്ങേ തൃക്കരങ്ങളിൽ ഞാൻ സമാധാനത്തോടെ എന്നെ സമർപ്പിക്കുന്നു."

"ഈശോയെ! അങ്ങേ ഇഷ്ടാനുസരണം എന്നെ എന്തും ചെയ്തുകൊള്ളുക. എന്നെ ക്രൂശിക്കുക; ഇതാ ഞാൻ കൈകൾ വിരിച്ചിരിക്കുന്നു; സർവ്വവും ഞാൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു. എനിക്കു് ആത്മാക്കളെ തരിക."

"ഈശോയെ വളരെ വളരെ ആത്മാക്കളെ രക്ഷിക്കാൻ ആഗ്രഹിക്കുന്ന അങ്ങയുടെ ചെറുബലിയാണു ഞാൻ, എന്ന് ഓർക്കേണമേ."

"ഈശോയെ, പാപികളെ നോക്കരുതേ, അങ്ങേ ഏററവും സ്നേഹിക്കുന്ന എന്നെ നോക്കുക."

"ഞാൻ ഈശോയുടെ കുഞ്ഞാടാകുന്നതുപോലെ മറിയത്തിന്റെ കുഞ്ഞുമകളുമാണ്. മറിയം എന്നെ തന്റെ അങ്കിയുടെ ഉള്ളിൽ സൂക്ഷിക്കുന്നു. ഇപ്രകാരം സുരക്ഷിതയായ ഞാൻ തീർച്ചയായും കൊടുംകാററിനെ ഭയപ്പെടുകയില്ല."

"എന്റെ സ്വർഗ്ഗീയമാതാവേ! എന്നെ നിന്നെപ്പോലെ പരിശുദ്ധയും സുകൃതിനിയുമാക്കേണമേ."

"ഞാൻ മരണത്തെ ഭയപ്പെടുന്നില്ല. ഈശോ ആണ് എന്നെ കൊണ്ടുപോകാൻ വരുന്നത്. എന്റെ ഈശോയെ ഭയപ്പെടുവാൻ എന്നാൽ സാദ്ധ്യമാണോ?"

## മറിയത്തെപ്പററി കർദ്ദിനാൾ ലൌറന്തി.

"വിശുദ്ധ കുർബ്ബാനയാകുന്ന പ്രകാശത്തിൽ കന്യാസുതന്റെ ദൈവികസൗന്ദര്യം അവൾ കാണുകയും, അങ്ങയുടെകൂടെ കാൽവരി കയറുന്നതിന് അവൾ അങ്ങേയ്ക്കു സ്വയംപ്രതിഷ്ഠിക്കുകയും ചെയ്തു.

"ക്രൂശിതന്റെ വധുവിനു യോജിച്ച കിരീടം—കണ്ടകങ്ങളാലും ലില്ലിപ്പുഷ്പങ്ങളാലും നിർമ്മിതമായ കിരീടം—അവൾക്കു ലഭിച്ചു."

# പാദുവായിലെ മറിയം.

## I.

### ബാല്യം.

HOUSE OF STUDIES, T.O.C.D. MANGALORE

പ്രകൃതിരാമണീയകത്തിന്ന പ്രസിദ്ധമായ ഇററലിയിൽ 1912-ലെ വസന്തം ആസന്നമായി. വയലുകളിലും മേടുകളിലും, നാനാതരം തരുലതാദികൾ പൂക്കളണിഞ്ഞു്, കാഴ്ചക്കാരുടെ കണ്ണും കരളും കവൎന്നുകൊണ്ടിരുന്നു. എവിടെയും നവ്യമായ ഒരുല്ലാസം പ്രത്യക്ഷപ്പെട്ടു. ഈ ഘട്ടത്തിൽ പ്രസിദ്ധമായ പാദുവാനഗരത്തിൽ, അക്കൊല്ലം ഏപ്രിൽ 5-ാംനു-, വികസിതമായ ഒരു ചെറുസൂനമാണു 'പാദുവായിലെ മറിയം' എന്നു് ഇന്നറിയപ്പെടുന്ന ബാലിക.

ലോകരക്ഷകനായ ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും അനുസ്മരിക്കുന്നതിന്ന തിരുസഭ നിശ്ചയിച്ചിട്ടുള്ള ദുഃഖവെള്ളിയാഴ്ചയാണു മറിയം ഭൂജാതയായതു്. ക്രിസ്തീയലോകമാസകലം ദുഃഖമാചരിക്കുന്ന ആ ദിവസത്തിൽ ഈ കുട്ടിയെ ലോകത്തിലേയ്ക്കു യാത്രയാക്കിയതിൽ ജഗന്നിയന്താവിന്നു് ഒരു പ്രത്യേക ഉദ്ദേശ്യം ഇല്ലാതിരുന്നില്ല. ഈ വസന്തകുസുമം കഷ്ടാനുഭവങ്ങളാകുന്ന

കണ്ടകങ്ങളാൽ വലയംചെയ്യപ്പെടണമെന്ന് അവിടുന്നു തിരുമനസ്സായി.

മൂന്നു കൊല്ലംമുമ്പ്, അതായത് 1909-ൽ, സ്വർഗ്ഗപ്രാപ്തയായ ഒരു ബാലികാതിലകത്തിന്റെ സ്ഥാനം അലങ്കരിക്കുന്നതിനു ദൈവം നൽകിയ ഒരു അമൂല്യരത്നമാണു മറിയം എന്ന് എലീസിയോവും, അദ്ദേഹത്തിന്റെ ഭാര്യ എമീലിയായും വിശ്വസിച്ചു. അനിതരസാധാരണമായ ശാന്തിയും സ്നേഹവും സമാധാനവും വിളയാടിയിരുന്ന പിതൃഗൃഹത്തിൽ, മാതാപിതാക്കളുടേയും രണ്ടു ജ്യേഷ്ഠഭ്രാതാക്കളുടേയും ലാളനയേററു മറിയം ഓമനയായി വളൎന്നു. അദ്ധ്യാപകവൃത്തി അവലംബിച്ചിരുന്ന ഗൃഹനായകനും, നായികയും കുട്ടികളുടെ സുകൃതാഭ്യസനം മഹത്വപൂൎണ്ണവും ഉത്തരവാദിത്വമേറിയതുമായ ഒരു കടമയാണെന്നു ഗ്രഹിച്ചിരുന്നതിനാൽ അതിൽ അതിനിഷ്കൎഷയുള്ളവരായിരുന്നു. വിവേകോദയംമുതൽ അവർ കുഞ്ഞുങ്ങളെ പുണ്യകൃത്യങ്ങൾ പരിശീലിപ്പിക്കുകയും യഥാൎത്ഥമായ ഭക്തി ആ നിൎമ്മലബാലഹൃദയങ്ങളിൽ വിതയ്ക്കുകയും ചെയ്തുവന്നു.

എല്ലാദിവസവും രാവിലെ ആ മാതൃകാമാതാവ് "ഈശോയുടെ മാധുൎയ്യമേറുന്ന തിരുഹൃദയമേ, നിന്നെ എപ്പോഴും അധികമധികം സ്നേഹിക്കുവാൻ കൃപചെയ്യേണമേ" എന്ന ജപം ഉറക്കെ ചൊല്ലി അവരെ ഉണൎത്തും; അവർ കിടന്നുകൊണ്ടുതന്നെ അതു ജപിക്കും. അനന്തരം ആ മാതാവു "മക്കളെ എഴുന്നേല്ക്കുക; ഈശോ നിങ്ങളെ വിളിക്കുന്നു; ഈ ദിനം ഈശോയോടുകൂടി നന്നായിട്ടു് ആരംഭിക്കേണ്ടയോ?" എന്നു ചോദിച്ചു സുകൃത

കൎമ്മങ്ങൾക്ക് അവരെ പ്രോത്സാഹിപ്പിക്കും.

ഏതന്മൂലം മറിയം ചെറുപ്പകാലംമുതൽ ഈശോയെ തീക്ഷ്ണതാപൂൎവ്വം സ്നേഹിച്ചുതുടങ്ങി. അവളുടെ ബാലലീലകളിലും വിഷമതകളിലും ഈശോയുടേയും പരിശുദ്ധമാതാവിന്റേയും സഹായം തേടുകയും സ്വാഭിലാഷങ്ങളും, സ്വന്തകാൎയ്യങ്ങളുമെല്ലാം സപ്രശ്രയം ഉണൎത്തിക്കുകയും ചെയ്തുവന്നു. അവൾ ബുദ്ധിമതിയും സമൎത്ഥയും സ്നേഹനിൎഭരവും നിഷ്കപടവുമായ ഹൃദയമുള്ളവളുമായിരുന്നു; എങ്കിലും ബാലസഹജമായ ചില ദുൎഗ്ഗുണങ്ങൾ അവൾക്കുമുണ്ടായിരുന്നു. പ്രതിഷേധങ്ങൾക്കു വഴിപ്പെടാതെ മുക്കടമുഷ്ടിപിടിക്കുന്ന ഒരു പ്രൗഢഗംഭീരഭാവവും, അതോടുകൂടി അവളുടെ "തൊട്ടാവാടി" സ്വഭാവവും അവളിൽ പ്രബലമായുണ്ടായിരുന്ന ന്യൂനതകളത്രേ. എന്നാൽ കളിയിൽപ്പോലും കൗശലവും കപടവും അവൾ വെറുത്തിരുന്നു.

ഉല്ലാസപ്രിയരായ ജ്യേഷ്ഠസഹോദരന്മാരുടെ കേളീസൂത്രങ്ങളെ അവൾ വെറുക്കുകയും, പലപ്പോഴും അവരോടു കയൎത്തു സംസാരിക്കുകയും ചെയ്തിരുന്നു. ഓജസ്വിയായ മാറിയോയും മറിയവും ഏതുനേരവും കലഹമുണ്ടാക്കും. എന്നാൽ ഈ വഴക്കുകൾ ക്ഷണനേരത്തേയ്ക്കു മാത്രമേ നില്ക്കു; അവ സ്നേഹക്കുറവുകൊണ്ടുള്ളതല്ലല്ലോ. അപരിചിതരോടു മറിയയുടെ പെരുമാറ്റം വിരസശങ്കാഭരിതമായിരുന്നു.

മറിയയുടെ ധിഷണാവിലാസവും മനോജ്ഞപുഷ്ടിയും ഈ സ്വഭാവദൂഷ്യംമൂലം നിഷ്പ്രഭമാകാതിരിക്കുവാൻ അവളുടെ മാതാവു സദാ ഉൽസുകയായിരുന്നു,

ആ ഇളംകോമളാങ്കുരം ഒരു വനവൃക്ഷമായി പരിണമി
ക്കരുതെന്നു കരുതി, അവളുടെ സ്വഭാവരൂക്ഷതയെ ന
ശിപ്പിക്കുന്നതിൽ മാതാപിതാക്കൾ സദാ ദത്തശ്രദ്ധരാ
യി. മാത്രമല്ലാ, ആ അനഘരത്നം കളങ്കകലുഷിതമാ
കാതെ സൂക്ഷിപ്പാൻ പരിശുദ്ധകന്യകയോട് അവർ
ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുകയും, വാത്സല്യപൂർവ്വം മറിയയു
ടെ ന്യൂനതകളെ അവളെ മനസ്സിലാക്കി, ശാന്തതയു
ടെ വൈശിഷ്ട്യം വെളിപ്പെടുത്തി, അവൾക്ക് അതിൽ
പ്രതിപത്തിയുളവാക്കുകയുംചെയ്തു.

മറിയം സ്വമാതാവിന്റെ പ്രേരണമൂലം തന്റെ
ന്യൂനതകൾ ഗ്രഹിക്കുകയും, കോപിക്കുകയോ രൂക്ഷത
യോടെ പെരുമാറുകയോ ചെയ്യുമ്പോഴെല്ലാം പശ്ചാ
ത്താപിച്ച്, ഈ കുറവു തീർക്കുമെന്നു വാഗ്ദാനം ചെയ്യു
കയും ചെയ്തിരുന്നു. ആദ്യകാലങ്ങളിൽ ഈ ആത്മസമ
രം കഠിനവും അവളുടെ പ്രൗഢസ്വഭാവത്തിന് അസ
ഹനീയമായ ഒരു ത്യാഗവുമായിരുന്നു; പക്ഷേ വിജയാ
നന്തരമുള്ള ആനന്ദം അവർണ്ണനീയവും അനുഭവൈക
വേദ്യവുമാണല്ലൊ. അമ്മയുടെ നിർദ്ദേശാനുസരണം ഉ
ടുപ്പിനുള്ളിൽ ഒരു 'വിജയക്കൊന്ത' സൂക്ഷിച്ചുകൊണ്ട്,
ആത്മവിജയങ്ങളുടെ കണക്കെടുത്ത്, സന്ധ്യയ്ക്ക് ഈ
ശോയുടെ തിരുസ്വരൂപത്തിന്റെമുമ്പിൽ മുട്ടുകുത്തി "ഈ
ശോയെ! ഞാൻ ഇന്ന് ഇത്രയും പ്രാവശ്യം എന്നെത്ത
ന്നെ ജയിച്ചു; നാളെ ഇതിലുപരി സൂക്ഷമുള്ളവളായി
രിക്കാം" എന്നു പറഞ്ഞിരുന്നു.

ഈ ആന്തരികസമരം ഇച്ഛാനുസരണം കളിച്ചു
ല്ലസിച്ചുനടക്കുന്ന ആ കുട്ടിക്കാലത്ത് അതിദുഷ്കരങ്ങളാ

യ നിരവധി ത്യാഗങ്ങൾക്ക് അവസരം നൽകി. ശാന്ത സൗശീല്യാദിഗുണങ്ങൾ ലഭിക്കുന്നതിന് അവൾ തീവ്ര മായി പ്രാർത്ഥിച്ചുംവന്നു. ഏതാദൃശമായ അക്ഷീണയ ത്നംമൂലം, വിളംബരംവിനാ മറിയം പരസുഖത്തിനായി എന്തും ത്യജിക്കുന്നതിനു സന്നദ്ധയായ മനസ്വിനിയായി പരിണമിച്ചു.

## II.

### വിദ്യാഭ്യാസം.

മറിയയ്ക്കു് ആറുവയസ്സു പ്രായമായപ്പോൾ അവ ളെ വിദ്യാലയത്തിൽ ചേർത്തു. അസാമാന്യ ബുദ്ധിവൈ ഭവത്താൽ അനുഗൃഹീതയായിരുന്ന അവൾ ക്ലാസ്സിൽ പ്രഥമസ്ഥാനം അനായാസേന കരസ്ഥമാക്കി. ഈ ചെറുപുഷ്പത്തിൽനിന്നു വീശിയ മധുരപരിമളത്താൽ സഹപാഠികളും ആകൃഷ്ടരായി. ഇപ്രകാരം അദ്ധ്യാപ കാദ്ധ്യേതാക്കളുടെ സ്നേഹത്തിനും പ്രശംസയ്ക്കും പാത്രീ ഭൂതയായ നമ്മുടെ കഥാനായിക ദിവസവും വീട്ടിലെത്തു മ്പോൾ അവളുടെ ഓരോ വിജയങ്ങൾ കീർത്തിച്ചുകൊ ണ്ടിരുന്നു. ഇതുനിമിത്തം അവൾ ഗർവ്വിഷ്ടയായേക്കുമെ ന്നു ശങ്കിച്ച്, ഭക്തയായ അവളുടെ അമ്മ: "നീ ഒന്നാം സ്ഥാനത്തിനു യത്നിക്കേണ്ടതു നിന്റെ കടമയാണ്; എന്തെന്നാൽ ദൈവം ജന്മനാ നിനക്കു ബുദ്ധിവൈഭ വം നൽകി. നിന്നെ ശരിയാംവണ്ണം അഭ്യസിപ്പിക്കുന്ന തു തങ്ങളുടെ ജീവിതോദ്ദേശ്യമെന്നു കരുതുന്ന രക്ഷക ർത്താക്കളെയും നിനക്കു ലഭിച്ചിരിക്കുന്നു. നിന്റെ സ

ഹപാഠികളെ നോക്കുക. നിന്നെപ്പോലെ ഭാഗ്യവതിയായി അവരിൽ എത്രപേരുണ്ട്? നീ ഒന്നാമതാകുന്നതു നിൻെറ പ്രത്യേകയോഗ്യതകൾ കൊണ്ടുമാത്രമാണോ? ഈ സഹായങ്ങളെല്ലാം ലഭിച്ചിട്ടും നീ ആ സ്ഥാനത്തിനർഹയായില്ലെങ്കിൽ മാത്രമാണ് വിസ്മയിക്കേണ്ടിയിരിക്കുന്നതു്" എന്ന് ഉപദേശിച്ചുവന്നു.

ഒരുദിവസം മറിയം സ്ക്കൂളിൽനിന്നു തിരിച്ചുവന്നപ്പോൾ വിചാരമഗ്നയായി മൗനമവലംബിച്ചിരിക്കുന്നതു കണ്ടു് അമ്മ അതിൻെറ കാരണം ചോദിച്ചു. കുട്ടി തേങ്ങിത്തേങ്ങി കരഞ്ഞു. ക്ലാസ്സിൽ ഒരു ചോദ്യത്തിനു തെററായ ഉത്തരം പറഞ്ഞുവെന്നതാണ് അതിൻെറ കാരണമെന്നു ഗ്രഹിച്ചു്, ആ മാതാവു തൽസമയം അവളെ സമാശ്വസിപ്പിച്ചു. അനന്തരം, അമ്മയും മകളുമല്ലാതെ മററാരും വീട്ടിലില്ലാതിരുന്ന സമയത്തു കുഞ്ഞിനെ പ്രേമപൂർവ്വം മടിയിലിരുത്തി, എമീലിയാ കുട്ടിയുടെ മനഃക്ഷോഭത്തിനു നിദാനമായ ഹൃദയവികാരങ്ങളെ പരിശോധിച്ചുനോക്കി. മററു കുട്ടികൾ അവളേക്കാൾ നല്ലവണ്ണം ഉത്തരം പറയുകയും അവൾക്ക് അതു സാധിക്കാതെ വരികയും ചെയ്കമൂലം അവൾ വീണ്ടും സന്തപ്തചിത്തയായി കാണപ്പെട്ടു. ഉടനെ അമ്മ മധുരസ്വരത്തിൽ ഇങ്ങനെ ഉപദേശിച്ചു: "എൻെറ വാത്സല്യഭാജനമേ, അദ്ധ്യാപകരെ പ്രീതിപ്പെടുത്താൻ സാദ്ധ്യമാകാഞ്ഞതുകൊണ്ടു നീ വിഷാദിക്കുന്നെങ്കിൽ നന്നുതന്നെ. പക്ഷെ നിൻെറ സഹപാഠികൾ നിന്നേക്കാൾ നല്ലവണ്ണം ചെയ്തതുകൊണ്ടു നീ കരയുന്നു; നല്ലവണ്ണം സൂക്ഷിച്ചുകൊള്ളുക; അസൂയയെന്ന വിഷസർപ്പം നിൻെറ ഹൃദയ

ത്തിൽ പ്രവേശിച്ചിരിക്കുന്നു. ദൈവം സദാ നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ നമുക്കു യാതൊന്നും സാദ്ധ്യമല്ല എന്ന് ഈ തോൽവി നിന്നെ പഠിപ്പിച്ചു. ഇപ്പോൾ നിൻെറ ഈ വലിയ കുരിശ്ശ് നീ ഈശോയ്ക്കു സമപ്പിക്കുക." ഈശോയുടെ തിരുസ്വരൂപസന്നിധിയെ പ്രാപിച്ചപ്പോൾ അവൾ വീണ്ടും പ്രശാന്തചിത്തയായി. മറിയം തൻെറ അദ്ധ്യാപികമാക്കുവേണ്ടി ദിവസവും പ്രാത്ഥിക്കുക പതിവായിരുന്നു.

മറിയയുടെ ആകാരസൗഷ്ഠവവും പ്രസരിപ്പും കണ്ടാൽ അവളുടെ ആരോഗ്യത്തെക്കുറിച്ചു യാതൊരാശങ്കയ്ക്കും അവകാശമുണ്ടായിരുന്നില്ല. അവൾ ജ്യേഷ്ഠസോദരന്മാരുടെകൂടെ എല്ലാത്തരം കളികളിലും ഏറ്റെപ്പെട്ടുകയും പലപ്പോഴും വിനോദങ്ങളിൽ അവരുടെ നായകത്വം വഹിക്കുകയും ചെയ്തുവന്നു. ഓടിയും നടന്നും കാലുകുഴയുമ്പോൾ അവൾ അല്പം വിശ്രമം ആവശ്യപ്പെട്ടും. വൈദികവൃത്തിയിലേയ്ക്കുള്ള ദൈവവിളി അറിഞ്ഞുതുടങ്ങിയ പീയറോ തത്സമയം ഒരു മുറി അലങ്കരിച്ചു പ്രാത്ഥനാലയമാക്കി മതകമ്മങ്ങൾ അഭിനയിക്കും. പീയറോ വൈദികൻെറയും മാറിയോ ശുശ്രൂഷകൻെറയും മറിയം ജനതയുടെയും സ്ഥാനം പ്രതിനിധീകരിക്കും. അവർ സ്കൂളിൽ പഠിച്ചിട്ടുള്ള ചില ഗാനശകലങ്ങൾ പാടിക്കഴിയുമ്പോൾ പീയറോ പ്രസംഗമാരംഭിക്കും. പ്രസംഗമദ്ധ്യേ മാറിയോ സ്വാഭിപ്രായപ്രകടനംകൊണ്ടു പ്രാസംഗികനെ ഉപദ്രവിക്കും. ആ തരംനോക്കി "ഈ പ്രസംഗം എപ്പോൾ അവസാനിക്കുമെന്നറിയുന്നില്ല" എന്നു പറഞ്ഞു മറിയം ഓടിപ്പോകും. പീയറോ അവ

ളെ തിരികെ ആനയിക്കുന്നതിന് അവളുടെ പിറകേ ഓടും. ചിലപ്പോൾ അയൽ വീട്ടുകളിലെ കുട്ടികളും ഈവക വിഹാരങ്ങളിൽ സംബന്ധിച്ചിരുന്നു.

ഏഴാമത്തെ വയസ്സിൽ മറിയയ്ക്ക് അഞ്ചാംപനി അതികലശലായി പിടിപെട്ടു. അതോടുകൂടി ആ കുട്ടിയുടെ ശരീരപുഷ്ടിയും നഷ്ടമായി; എങ്കിലും അവളുടെ ആരോഗ്യം വേഗം പൂർവ്വസ്ഥിതിയിലാകുമെന്നും അതിനാൽ ഭയപ്പെടേണ്ടതില്ലെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു. പക്ഷേ നമ്മുടെ സുകുമാരപുഷ്പത്തിന്റെ ബാഹ്യവികാസം ഉത്തരോത്തരം ക്ഷയിച്ചുവരികയാണുണ്ടായത്.

## III.

### പ്രേഷകവൃത്തി.

പ്രകൃത്യാ ആർദ്രഹൃദയയായ മറിയം പരദുഃഖത്തെ സ്വന്തമെന്നവണ്ണം കരുതി. ദരിദ്രരുടെ കഷ്ടത ദർശിക്കുന്നത് അവൾക്കു മർമ്മഭേദകമായിരുന്നതിനാൽ ആർത്തരെയെല്ലാം സഹായിക്കുന്നതിന് അവൾ കാംക്ഷിച്ചു. അത്യുദാരശീലരായ ആ മൂന്നു കുട്ടികളും യാചകർക്ക് ഭിക്ഷ നൽകുന്നതിന് അഹമഹമികയാ മത്സരിച്ചിരുന്നു. അവർ കളിക്കോപ്പുകളും മിട്ടായിയും പരിത്യജിച്ചു ഭിക്ഷുക്കൾക്കു ദാനം ചെയ്യുന്നതിനായി അല്പധനം ശേഖരിച്ചുവന്നു.

കുട്ടികളുടെ അമിതമായ ദാനപ്രസക്തികണ്ടിട്ട് ഒരു ദിവസം അമ്മ അവരെ വിളിച്ചു "നാം വലിയ ധനവാ

ന്മാരല്ല; എല്ലാ പാവങ്ങളേയും സഹായിപ്പാൻ നമുക്ക സാധിക്കയുമില്ല. അതിനാൽ നമ്മാൽ കഴിയുംവണ്ണം ദാനംചെയ്കയും, എല്ലാവക്കുംവേണ്ടി പ്രാൎത്ഥിക്കുകയും ചെയ്യണം" എന്നുപദേശിച്ചു.

ആദ്ധ്യാത്മികജ്ഞാനദാരിദ്ര്യമനുഭവിച്ചു കഷ്ടപ്പെട്ടുന്നവരുടെ കാൎയ്യത്തിലും മറിയം അതിയായ ശുഷ്ക്കാന്തി പ്രദൎശിപ്പിച്ചിരുന്നു. മറിയയ്ക്കു പ്രേഷകവൃത്തിയിൽ തൃഷ്ണയുണ്ടായതു് എന്നുമുതല്ക്കെന്നു ക്ലിപ്തപ്പെടുത്താൻ നിൎവ്വാഹമില്ല. വേദപ്രചാരം സംബന്ധിച്ച കാൎയ്യങ്ങളെപ്പററി ആ കുടുംബത്തിൽ പലപ്പോഴും സംസാരിക്കുകയും, തത്സംബന്ധമായ മാസികകൾ വായിക്കുകയും ചെയ്തിരുന്നു. ഈ വിജ്ഞാനശകലങ്ങളാണു്, ജന്മനാ തീക്ഷ്ണമതിയായ മറിയയുടെ മാനസികശക്തികളെ തട്ടിയുണൎത്തി, അവളെ പ്രേഷകവൃത്തിയിൽ അത്യൽസുകയാക്കിയതു്. മിഷ്യനറിമാരെ സഹായിക്കുന്നതിനായി അവൾ പഴയ സ്റ്റാമ്പുകൾ ശേഖരിക്കുകയും, പണം സമ്പാദിച്ചു അയയ്ക്കുകയും ചെയ്തുവന്നു. കൊച്ചുമറിയയുടെ ധനശേഖരപദ്ധതി രസാവഹമാണു്. അവളുടെ അമ്മ വീട്ടിലെ വരവുചിലവു കണക്കു നോക്കുമ്പോൾ "അമ്മേ ഇന്നു് എനിക്കൊന്നുമില്ലേ; ഇനി ബാക്കി ഇതിലിടുക" എന്നു പറഞ്ഞു്, പെട്ടി കാണിക്കും. ബന്ധുമിത്രങ്ങൾ അതിഥികളായിവരുന്ന അവസരത്തിൽ, ഊണുകഴിഞ്ഞു് എല്ലാവരുംകൂടി സല്ലപിച്ചിരിക്കുമ്പോൾ, "നമ്മൾ സദ്യകഴിഞ്ഞു സംതൃപ്തരായിരിക്കുന്നു. അനാഥരായ എത്ര പെയ്ഗൻ കുട്ടികൾ പട്ടിണികൊണ്ടു വലയുന്നു. അവക്കായി ഒരു നല്ല തുക ഈ പെട്ടിയിലിട്ടാലും" എന്നു

കൊച്ചുമറിയം അഭ്യസിക്കും. അവളുടെ ഈ പരസേവ നാസക്തികണ്ടു വിശേഷാവസരങ്ങളിൽ സമ്മാനങ്ങൾ കുപാകരം അവർ പണം കൊടുത്തുതുടങ്ങി.

ഇപ്രകാരം ധനസഹായംകൊണ്ടും, തീവ്രമായ പ്രാൎത്ഥന ആത്മത്യാഗം ആദിയായ സുകൃതാഭ്യാസങ്ങൾ കൊണ്ടും നമ്മുടെ ബാലപ്രേഷക നിരവധി കുട്ടികൾക്കു ജ്ഞാനസ്നാനവരം നേടി.

## IV.

### കാൽവരിയിലേയ്ക്കുള്ള പ്രഥമ പദവിന്യാസം.

1921 ഡിസംബർ മാസത്തിൽ മറിയയ്ക്കു് ഇൻഫ്ളുവൻസാ പിടിപെടുകയും, പനി കുറഞ്ഞപ്പോൾ ഒരു വ്രണം ഉണ്ടാകുകയും ചെയ്തു. പുത്രിയുടെ ക്ഷീണാധിക്യവും തളൎച്ചയുംകണ്ടു് ഉൽക്കണ്ഠാമാനസരായ മാതാപിതാക്കന്മാർ വിദഗ്ദ്ധഡോക്ടർമാരേക്കൊണ്ടു് അവളുടെ ദേഹം പരിശോധിപ്പിച്ചു. അപായകരമായ പ്രമേഹരോഗം അവളെ ബാധിച്ചിരിക്കുന്നതായി ഡോക്ടർമാർ പ്രസ്താവിച്ചു. ഓമനമകളുടെ ദുരവസ്ഥയേക്കുറിച്ചു കേട്ടമാത്രയിൽ അശനിപാതത്താലെന്നവണ്ണം ആ പ്രേമദമ്പതികളുടെ ഹൃദയം തകൎന്നുപോയി. സൎവ്വേശതിരുച്ചിത്തത്തിനു പൂൎണ്ണമായി കീഴ്പ്പെടുക ആദ്യം അവൎക്കു് അതിദുഷ്കരമായിതോന്നി. അവർ തങ്ങളുടെ പ്രേമഭാജനത്തെ, മൃത്യുവക്ത്റത്തിൽനിന്നു സംരക്ഷിക്കുന്നതിനു സൎവ്വവിധ ശ്രമങ്ങളുംചെയ്തു. പല വൈദ്യന്മാരേയും വരുത്തി ചികിത്സിപ്പിച്ചു. പക്ഷേ ശാസ്ത്രപ്രഭാവം

ഇവിടെ ദുർബ്ബലമായി കാണപ്പെട്ടു. മറിയയുടെ സുഖപ്രാപ്തിയിൽ, അത്യാകാംക്ഷയുള്ള ആ കുടുംബാംഗങ്ങളേവരും പ്രാർത്ഥനാദിസൽക്കർമ്മങ്ങളിൽ പൂർവ്വാധികം നിഷ്ഠയുള്ളവരായി ദൈവാനുഗ്രഹംതേടി.

എന്നാൽ ഈ കോമളപുഷ്പത്തെ സ്വർല്ലോകമണ്ഡപം അലങ്കരിക്കുവാൻ പറിച്ചെടുക്കണമെന്നുതന്നെ ദൈവം നിശ്ചയിച്ചു. പക്ഷെ സഹനം, ത്യാഗം ആദിയായവകളാൽ ആ ബാലികാസൂനത്തിൻെറ കാന്തിയുംസൗരഭ്യവും വർദ്ധിപ്പിച്ച്, പിതൃജനകരങ്ങളിൽനിന്നും അതിനെ സ്വീകരിക്കണമെന്നായിരുന്നു അവിടുത്തെ അഭിമതം. അതിനാൽ മറിയയുടെ രോഗം അല്പാല്പം ശമിച്ചുതുടങ്ങി.

മറിയയ്ക്കു പൂർണ്ണസുഖലബ്ധിയുണ്ടാകുന്നതിനുവേണ്ടി, സ്വർഗ്ഗകവാടത്തെ ഭേദിക്കുമാറു തീവ്രപ്രാർത്ഥനകൾ ഉയന്നു. ക്ഷീണം നിമിത്തം സ്കൂളിൽ പോകാൻ കഴിയാഞ്ഞതിനാലുള്ള മറിയയുടെ മനഃക്ലേശം നീങ്ങുന്നതിന് അമ്മതന്നെ മകളുടെ വിദ്യാഭ്യാസം ഭരമേററു. സ്നേഹമസൃണമായ പരിചരണവും പരിലാളനയും മൂലം മറിയം രോഗത്തിൻെറ ഉഗ്രത അറിഞ്ഞില്ല; എങ്കിലും അവളുടെ സ്വഭാവത്തിനു വലിയ ഒരു മാററം ഉണ്ടായി. മാതാപിതാക്കന്മാരുടെ അതിരററ വാത്സല്യത്തിനു പകരം അവരോടു സൗമ്യമായി പെരുമാറുന്നതിന് അവൾ സദാ ജാഗ്രതയുള്ളവളായി. ആരെങ്കിലും വല്ലതും പറയുമ്പോൾ എതിർവാക്കുച്ചരിക്കുന്നതിനു പെട്ടെന്നുണ്ടാകുന്ന അഭിനിവേശം അടക്കി ശാന്തസ്വരത്തിൽ മറുപടി പറഞ്ഞുതുടങ്ങി.

## V.

### പ്രഥമ ദിവ്യകാരുണ്യസ്വീകരണം.

മറിയയ്ക്കു പത്തു വയസ്സായി. പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു കുട്ടികളെ ഒരുക്കുന്നതിനുവേണ്ടി പള്ളിയിൽ നടത്താറുള്ള ധ്യാനത്തിലും മററും ചേരുന്നതിനു രോഗംമൂലം മറിയയ്ക്കു സാധിക്കാതെയിരുന്നതിനാൽ, അമ്മതന്നെ ആ കൃത്യവും കയ്യേററു.

ഈശോ ആദ്യമായി അവളുടെ ഹൃദയത്തിൻെറ പരമാവകാശിയായി എഴുന്നെള്ളിവരുന്നു എന്നു ധരിച്ച്, ആ ശുഭസംഗമത്തിന് അവൾ യഥാവിധി ഒരുങ്ങി. അവളുടെ ന്യൂനതകൾ അല്പാല്പം പരിഹരിച്ചുവന്നു എങ്കിലും ഇപ്പോൾ അവയെ പാടെ പരിത്യജിക്കുന്നതിനും, പകരം സുകൃതകുസുമങ്ങളാൽ ഹൃദയത്തെ അലങ്കരിക്കുന്നതിനും അവൾ നിശ്ചയിച്ചു. അതിനാൽ മറിയം സൂക്ഷ്മമായും കൃത്യമായും ആത്മശോധനചെയ്തും, ത്യാഗാവസരങ്ങളെ സസന്തോഷം സ്വായത്തമാക്കിയും, സ്വാത്മനാഥന് അതിസുരഭിലമായ ഒരു കുസുമമഞ്ജൂഷ തയാറാക്കി.

മറിയയ്ക്കു സുഖമില്ലാതിരുന്നതിനാൽ, ആഹാരത്തിൽ പത്ഥ്യം പാലിക്കേണ്ടിയിരുന്നു. ഒരു രാത്രി അത്താഴത്തിനു കുട്ടി അല്പം കറി ആവശ്യപ്പെട്ടു. അതു കൊടുക്കാമോയെന്ന സംശയത്തോടുകൂടി അമ്മ 'കുറച്ചു എടുത്തുകൊള്ളുക' എന്നു പറഞ്ഞു. പെട്ടെന്ന് എന്തോ ഓർമ്മയിൽ വന്നിട്ട്, "എൻെറ കൊതികൊണ്ടല്ലേ ഞാൻ അതിനാവശ്യപ്പെട്ടത്?; എനിക്ക് ഒട്ടും വേണ്ട" എന്നു പറഞ്ഞ് അതു പരിത്യജിച്ചു. ഇതു പക്ഷേ തീരെ

നിസ്സാരമായ ഒരു ത്യാഗമല്ലേയെന്നു നാം വിചാരിച്ചേക്കാം. പക്ഷേ രോഗിയും പത്തുവയസ്സുമാത്രം പ്രായമുള്ളവളുമായ ഒരു ബാലികയാണ് അവൾ എന്നു നാം ഓർക്കേണ്ടതാണ്.

സ്കൂളിൽ പോകുന്നതിനു സാധിക്കായ്കനിമിത്തം മറിയയ്ക്കു പലപ്പോഴും ഇച്ഛാഭംഗമുണ്ടായിട്ടുണ്ട്. "അപ്പോഴെല്ലാം ഈശോയെ സ്വീകരിക്കുവാൻ നീ വേണ്ടവണ്ണം ഒരുങ്ങുന്നതിന്, അവിടുന്ന് ഈ ത്യാഗം ആവശ്യപ്പെടുന്നു. ഇപ്പോൾ നിനക്ക് ഈശോയെക്കുറിച്ചല്ലാതെ മറ്റൊന്നും ചിന്തിക്കാനില്ലല്ലോ" എന്ന് അമ്മ അവളെ സമാധാനിപ്പിച്ചുവന്നു.

ഈശോയ്ക്കുവേണ്ടി എന്തു സഹിക്കുന്നതും അവൾക്കു കഠിനമായിതോന്നിയിരുന്നില്ല. ഓടിച്ചാടിക്കളിച്ചു ശീലിച്ച മറിയയ്ക്കു ദീനക്കിടക്കയും, പഥ്യമായഭക്ഷണവും മറ്റും അസഹ്യങ്ങളായിരുന്നെങ്കിലും ഈശോയുടെ സ്നേഹത്തെപ്രതി അവയെ സാനന്ദം സ്വീകരിച്ചു. ചിരപ്രതീക്ഷിതമായ ശുഭദിനം ആഗതമായി. മറിയയുടെ ഹൃദയം ആനന്ദാബ്ധിയിൽ മുങ്ങിപ്പൊങ്ങി.

തലേരാത്രിതന്നെ മാതാപിതാക്കന്മാരോടും സഹോദരന്മാരോടും അവളുടെ തെറ്റുകൾക്കു ക്ഷമായാചനംചെയ്തു് അവരുടെ ആശിസ്സ് അർത്ഥിച്ചു. അനന്തരം എന്നും ഈശോയെ സ്നേഹിക്കുമെന്നും ഇശോയുടെ സ്വന്തമായിരിപ്പാൻമാത്രം ആഗ്രഹിക്കുന്നതിനാൽ സുശീലയായിരിക്കുമെന്നും അവൾ വാഗ്ദാനംചെയ്തു.

മറിയം ഈ ശുഭമുഹൂർത്തത്തെ അത്യുൽക്കണ്ഠാപൂർവ്വംപ്രതീക്ഷിച്ചിരുന്നതിനാൽ രാത്രി നിദ്രാരഹിതയായി

കഴിച്ചുകൂട്ടി. രാവിലെ അമ്മ അവളെ ഉണൎത്തുന്നതി ന്നു മുറിയിൽ പ്രവേശിച്ചപ്പോൾ ആ ചെറുബാലിക കണ്ണുനീർപൊഴിച്ചു് അതിഭക്തിയോടെ പ്രാൎത്ഥിക്കുന്നതു കണ്ടു. പിന്നീടു നിൎമ്മലമാനസയായ മറിയം നിൎമ്മല വസ്ത്രങ്ങൾ ധരിച്ചു് ആനന്ദസാഗരത്തിലാറാടി ഒരു വാനാരൂപിയെപ്പോലെ ബലിപീഠത്തിങ്കൽ അണഞ്ഞു. ആ ദൈവികസമാഗമത്തിന്റെ മാധുൎയ്യം അവൎണ്ണനീയം! എത്ര ഹൃദ്യമായ സ്നേഹസല്ലാപം! ഉള്ളിൽ തിങ്ങി നിറഞ്ഞ സൗഭാഗ്യാതിരേകത്താൽ മറിയയുടെ മുഖം ദീപ്തിപൂരിതമായി.

പ്രഥമദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ചു മറിയം തന്റെ പിതൃവ്യപുത്രനു് ഇങ്ങനെ എഴുതി: "ആ മഹോത്സവം കഴിഞ്ഞുപോയി; എങ്കിലും എന്റെ ആത്മാവു സന്തോഷപൂൎണ്ണമായിരിക്കുന്നു. ഈശോയെ എന്റെ ഹൃദയത്തിൽ ആദ്യമായി അധിവസിപ്പിച്ച ആ മഹാമഹത്തിൽ ഞാൻ അനുഭവിച്ച ആനന്ദം അവാച്യമാണു്. അപ്പനും അമ്മയും സഹോദരന്മാരും അന്നു് എന്നോടുകൂടി വിശുദ്ധകുൎബ്ബാന സ്വീകരിച്ചു."

## VI.

### ഭദ്രമാൎഗ്ഗത്തിൽ.

ഡോക്ടരുടെ അഭിപ്രായാനുസരണം മറിയം പട്ടണവാസമുപേക്ഷിച്ചു്, ഘവേനൽക്കാലം മുഴുവനും ആദ്യം ലീഗ്രറിലും പിന്നീടു റേറാറെൻറിനോവിലും കഴിച്ചുകൂട്ടി. തൽഫലമായി അവൾക്കു ശരീരസുഖം വൎദ്ധിച്ചു; പ്രിയ

ജനങ്ങൾക്ക് അവളുടെ സുഖപ്രാപ്തിയിൽ പൂർണ്ണമായ പ്രത്യാശയും ജനിച്ചു.

1922-ാമാണ്ട് സെപ്ററംബർ അവസാനത്തോടുകൂടി പീറയോ ഈശോസഭയിൽ ചേരുന്നതിനായി വീട്ടുവിട്ടു. ഈ വേർപാടു കുടുംബാംഗങ്ങൾക്ക് ഏവർക്കും അസംഖ്യവ്യഥയ്ക്കു കാരണമായി. മറിയയ്ക്കു സോദരവിയോഗം മർമ്മഭേദകമായിരുന്നെങ്കിലും ആശ്രമത്തിൽ പ്രവേശിക്കുന്നതിനു പീയറോയ്ക്കു വയസ്സുപോരായെന്ന് (അന്ന് 15 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളൂ.) പറഞ്ഞവരോട് അവൾ "ദൈവംവിളിക്കുമ്പോൾ നാം പോകരുതെന്നുപറയാമോ ? നമുക്ക് അപേക്ഷിക്കാം" എന്നു വിവേകപൂർവ്വം പ്രത്യുത്തരിക്കുകയാണുണ്ടായത്.

അഞ്ചുമാസത്തെ സുഖവാസത്തിനുശേഷം മറിയയെ സ്വഗൃഹത്തിൽ തിരികെക്കൊണ്ടുവന്നു. അവളുടെ അഭിലാഷങ്ങളും ആഗ്രഹങ്ങളുമെല്ലാം സാധിപ്പിച്ചും, സശ്രദ്ധം പരിചരിച്ചും, മാതൃദൃഷ്ടിയെത്താത്ത ഒരു വിദൂരസ്ഥലത്തു് അധികനാൾ അവളെ താമസിപ്പിക്കുന്നതു് അവൾക്കു ജന്മസിദ്ധമായ പ്രൗഢസ്വഭാവം വിജൃംഭിക്കുന്നതിനും, താൻ അതിനിഷ്കൃഷ്ടയോടെ നട്ടുവളത്തിയ ഭക്തിലത വരണ്ടുപോകുന്നതിനും കാരണമായേക്കുമെന്ന് മറിയയുടെ മാതാവിനുണ്ടായ ഭയമാണ് അതിനു കാരണം.

എന്നാൽ ഈശോ ഈ ചെറുപുഷ്പത്തെ വാത്സല്യപൂർവ്വം കടാക്ഷിച്ചുകൊണ്ടിരുന്നതിനാൽ അമ്മയുടെ ആശങ്ക അസ്ഥാനത്തായി. തൻെറ ഹൃദയാധീശനു താൻ അനുരൂപയാകണമെന്നുകരുതി ദൃഢവ്രത

ത്തോടും ക്ഷമയോടും ദിവ്യകാരുണ്യസ്ഥിതനായ ഈശോയുടെ പ്രത്യേകസഹായത്തോടുംകൂടി അവൾ സ്വകുററങ്ങളോടു സദാ പോരാടിക്കൊണ്ടിരുന്നു. മറിയം വീണ്ടും സ്കൂളിൽ പോയിത്തുടങ്ങി. വിളംബരംവിനാ വിശുദ്ധ കൊച്ചുത്രേസ്യായുടെ ചരിത്രമടങ്ങിയ ഒരു ഗ്രന്ഥം അവൾക്കു സമ്മാനമായി ലഭിച്ചു. അതു് എത്രവായിച്ചിട്ടും മതിവരാതെ അവൾ വീണ്ടുംവീണ്ടും വായിക്കുകയും ചിലഭാഗങ്ങൾ അടയാളപ്പെടുത്തുകയും ചെയ്തു.

"ത്യാഗങ്ങളാകുന്ന കുസുമങ്ങളെ വിതറി, സ്നേഹചുംബനങ്ങളാൽ ഞാൻ ഈശോയെ പ്രീതിപ്പെടുത്തും." "കുഞ്ഞുങ്ങൾ അതികരുണാപൂർവ്വം വിധിക്കപ്പെടും. ചുമതലയേറിയ ഉദ്യോഗങ്ങൾ വഹിക്കുന്നവർക്കും ശിശുവായിരിപ്പാൻ സാധിക്കും."

"പുഷ്പവിതരണമൊന്നല്ലാതെ ഈശോയോടു് എനിക്കുള്ള സ്നേഹം പ്രകടിപ്പിക്കുവാൻ യാതൊരുമാർഗ്ഗവും ഞാൻ കാണുന്നില്ല. അതിനാൽ വാക്കിലും നോക്കിലും ഏററം നിസ്സാരകാര്യങ്ങളിലും ത്യാഗമനുഷ്ഠിച്ചും സ്നേഹത്തെപ്രതി എല്ലാക്ലേശങ്ങളും സഹിച്ചും ഈശോയുടെ പാദാരവിന്ദങ്ങളിൽ അവ ഞാൻ സമർപ്പിക്കും." "ഞാൻ എനിക്കായിട്ടു് ഒന്നും സൂക്ഷിക്കുകയില്ല. എല്ലാം ഈശോയ്ക്കു വിതറും."

വിശുദ്ധ കൊച്ചുത്രേസ്യായുടെ ഈ കുറുക്കുവഴിയേ മറിയയും അനുകരിച്ചു. ലിസിയോയിലെ ലില്ലിയുടെ സംരക്ഷണയിൽ, മറിയം ഈശോയുടെ തിരുക്കരങ്ങളിൽ സ്വയം സമർപ്പിച്ചു് പ്രയാസലേശമെന്യേ ഈ നവ്യപദ്ധതിയിൽക്കൂടി ചരിച്ചുതുടങ്ങി. ഈശോയുടെ വിനീത

മായ കുഞ്ഞാടാകുന്നതിനുവേണ്ടി സംഭാഷണത്തിൽ രൗദ്രതയുണ്ടാകാതിരിക്കാൻ അവൾ അനുക്ഷണം അക്ഷീണം പ്രയത്നിച്ചുകൊണ്ടിരുന്നു. ആത്മപുരോഗതി അറിയുന്നതിന് അവൾ ഒരു ഡയറിയുണ്ടാക്കി അനുദിന വിജയങ്ങൾ അതിൽ കുറിച്ചിട്ടു. മറിയം എത്ര പണിപ്പെട്ടാണ് ഈ വിജയങ്ങൾ നേടിയത് എന്നു കാണിക്കുന്നതിന് ഒരുദാഹരണം ഉദ്ധരിക്കാം

ഒരുദിവസം ഉച്ചകഴിഞ്ഞ് അവൾ മാറിയോയുടെകൂടെ തോട്ടത്തിൽ ഉല്ലസിപ്പാൻപോയി. അവിടെ ഓടിക്കളിച്ചുകൊണ്ടിരിക്കുമ്പോൾ, മറിയം ഏററവും വാത്സല്യപൂർവ്വം വളർത്തിവന്ന ഒരു ചെടി മാറിയോ ചവുട്ടി നശിപ്പിച്ചു. അതുകണ്ടു കോപാവേശത്താൽ വിറപൂണ്ടും, എന്നാൽ അശ്രുധാര തടയുന്നതിനും വികാരത്തെ നിയന്ത്രിക്കുന്നതിനും ശ്രമിച്ചും അവൾ വീട്ടിലേയ്ക്കു് ഓടി. ഒരു പുസ്തകം കയ്യിലെടുത്തു; ഉടനെ അതു താഴെയിട്ടു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. വീണ്ടും പുസ്തകമെടുത്തു പഠിച്ചുതുടങ്ങി. അമ്മ അടുത്ത മുറിയിൽ നിന്ന് ഇതെല്ലാം കണ്ടുവെങ്കിലും അതറിഞ്ഞതായി ഭാവിച്ചില്ല. ഒരു മണിക്കൂർകഴിഞ്ഞു മറിയം വീണ്ടും തോട്ടത്തിൽ തിരിച്ചെത്തി കളിയാരംഭിച്ചു.

മറിയയ്ക്കു പഴങ്ങളും മധുരപദാർത്ഥങ്ങളും ഭക്ഷിപ്പാൻ വഹിയാതിരുന്നതിനാൽ വിശേഷദിവസങ്ങളിൽ പോലും അമ്മ പലഹാരമുണ്ടാക്കാതിരുന്നതുകണ്ടു് ആ ചെറുബാലിക, മാറിയോയ്ക്കു സ്വന്തം സ്വകാര്യപണം കൊണ്ടു ചോക്കലേറു് വാങ്ങുകയും, അവൾതന്നെ ചില പലഹാരങ്ങൾ ഉണ്ടാക്കി മേശപ്പുറത്തു വയ്ക്കുകയും ചെ

ഷ്ടു. ഒരുദിവസം മറിയം കുറേ നല്ലപഴങ്ങൾ തോട്ടത്തിൽ നിന്നു പറിച്ചുകൊണ്ടുവന്നു. അവൾ പഴങ്ങളും മറ്റും രുചിച്ചിട്ടു രണ്ടുകൊല്ലം കഴിഞ്ഞല്ലോ എന്നു വിചാരിച്ച് അതിൽ ഒന്നു തിന്നുന്നതിന് അമ്മ അനുവദിച്ചു. ഉടനെ അവൾ "അമ്മേ! ഇതു മേയ്മാസമല്ലേ? പരിശുദ്ധമാതാവിന് ഒരു പൂവ് സമർപ്പിക്കേണ്ടയോ?" എന്നു പറഞ്ഞ് അവിടെനിന്ന് ഓടി, ആ പഴം കൊണ്ടുപോയി പിതാവിനു നൽകി. വേറൊരു ദിവസം അവൾ ഒരു സ്നേഹിതയൊരുമിച്ചു തോട്ടത്തിൽ നടന്നുകൊണ്ടിരിക്കെ ഒരു മുന്തിരിപ്പഴക്കുല പറിച്ചു സഖിക്കു സമ്മാനിക്കുകയും അതിൽ ഒരു പഴമെടുത്തു വായിലിടുകയും ചെയ്തു. ഉത്തരക്ഷണത്തിൽ അതു് എടുത്തു ദൂരെ എറിഞ്ഞുകളഞ്ഞു. ശിശുസ്വഭാവം ഗ്രഹിച്ചിട്ടുള്ളവർ മാത്രമേ ഈ ചെറുത്യാഗങ്ങളുടെ മാഹാത്മ്യം അറിയുകയുള്ളു.

മോടിയായി ഉടുക്കുന്നതിലും ആഭരണമണിഞ്ഞു നടക്കുന്നതിലും ബാലികാസഹജമായ പ്രതിപത്തി അല്പകാലത്തേയ്ക്കു മറിയയിൽ കണ്ടിരുന്നു. ഒരുദിവസം നടക്കാൻ പോയപ്പോൾ, മനോഹരമായ ഒരു കൃത്രിമപുഷ്പം വസ്ത്രത്തിൽ തുന്നിവച്ചു. ആഡംബരരഹിതമായി വസ്ത്രധാരണം ചെയ്യുന്നതിൽ പ്രത്യേക നിഷ്ഠവച്ചിരുന്ന അവളുടെ അമ്മ മാർഗ്ഗമദ്ധ്യേ ഒരു ബാലികയുടെ യഥാർത്ഥഭൂഷണം എന്തെന്ന് ഉപദേശിച്ചു. "ഒരു റിബൺ അഥവാ ഒരു പുഷ്പം ഭംഗിയുള്ളതായിരിക്കാം. പക്ഷേ അതു് ഒരു കുട്ടിയെ നന്നാക്കുകയില്ല; നേരേമറിച്ച്, ഡംഭോടുകൂടി അവ ധരിക്കുന്ന ഒരു പെൺകുട്ടി

സ്വന്തവിലയെ കെടുത്തുന്നു". മറിയം സാവധാനത്തിൽ പൂവ് വസ്ത്രത്തിൽനിന്നു മാററി പോക്കററിലിട്ടു.

ഒരു ഞായറാഴ്ച മറിയയ്ക്കു പലപ്രാവശ്യം വീട്ടിനുപുറത്തു പോകേണ്ടിവന്നു അഞ്ചുപ്രാവശ്യം അവൾ വസ്ത്രം മാറി. അവളുടെ അഹംഭാവം എത്രയുണ്ടെന്ന് അറിയുന്നതിന് അമ്മ അവളെ ഇച്ഛാനുസരണം നടക്കുവാൻ സമ്മതിച്ചു. അന്നു മറിയം ഉറങ്ങുന്നതിനുമുമ്പ് അമ്മ അവളുടെ സമീപേ ചെന്നു ചോദിച്ചു: "നീ ഇന്ന് ഈശോയ്ക്ക് എന്തു മനോജ്ഞവസ്തുവാണു സമർപ്പിച്ചത്? നീ ഇന്നു ധരിച്ച അഞ്ചുതരം ഉടുപ്പുകളും കാഴ്ച വച്ചുവോ?" മറിയം ഒന്നും ഉരിയാടിയില്ല. അവൾ വിമ്മിവിമ്മികരയുന്നതു കേട്ടു മാതാവ് അവളെ സമാശ്വസിപ്പിച്ചു: "എൻെറ ഓമനേ! നിഗളിയായ പെൺകുട്ടി എത്ര അന്തസ്സാരവിഹീനയാണ്. ആത്മാവ്, ബുദ്ധി, ഹൃദയം ഇവ എത്ര വിലയേറിയവ; വസ്ത്രം തീരെ നിസ്സാരമല്ലേ? ഈശോയുടെ സന്നിധിയിൽ നാം എത്ര ചെറിയവർ; യഥാർത്ഥത്തിൽ ശൂന്യതതന്നെയാണ്." ഈ ഉപദേശം മറിയയുടെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു.

1923-ാമാണ്ടിൽ, 2000-ത്തിൽപരം കുട്ടികൾ പങ്കെടുത്ത ഒരു മത്സരപരീക്ഷയിൽ ചേർന്ന് മറിയം വിജയിനിയായി. അങ്ങനെ ഒരു വെള്ളിമെഡൽ സമ്മാനമായി ലഭിച്ചു. വിദ്യാലയാധികൃതരുടേയും മററു പലരുടേയും പ്രശംസയ്ക്കു മറിയം പാത്രീഭൂതയായെങ്കിലും, അഹംഭാവത്തിൻെറ ഒരു ചെറുലാഞ്ഛനപോലും ആ അവസരത്തിൽ അവളുടെ ആത്മശാന്തിയെ ഭഞ്ജിക്കുന്നതിന് ഉയർന്നില്ല.

## VII.

### സഹനവും ആത്മാർപ്പണവും.

1924-ൽ മറിയയുടെ രോഗം ചിലപ്പോൾ ഏറിയും കുറഞ്ഞും മാതാപിതാക്കന്മാൎക്ക് അതിയായ അസ്വാസ്ഥ്യകാരണമായിത്തീൎന്നു. അവർ വേറൊരു ഡോക്ടരെ വരുത്തി. ആയാൾ, അന്ന് അധികം പ്രചാരം വന്നിട്ടില്ലാതിരുന്ന ഇൻസുലിൻ (insulin) എന്ന മരുന്ന് ഒന്നു പരീക്ഷിച്ചുനോക്കാമെന്ന് അഭിപ്രായപ്പെട്ടു. ആ ചികിത്സയ്ക്കു ഡോക്ടരുടെ സവിശേഷമായ ശ്രദ്ധ സൎവ്വദാ ആവശ്യമായിരുന്നതിനാൽ രോഗി ആസ്പത്രിയിൽ താമസിക്കേണ്ടിവന്നു. 1925 ജനുവരി മൂന്നാം തീയതി മറിയം അമ്മയൊരുമിച്ച് ആസ്പത്രിയിലെ ഒരു മുറിയിൽ താമസം തുടങ്ങി. ആ ചെറുബാലിക അവളുടെ കിടക്കയുടെ സമീപേ മേശപ്പുറത്തു തിരുഹൃദയത്തിന്റേയും ലിസിയോയിലെ ചെറുപുഷ്പത്തിന്റേയും പടങ്ങൾ ഭംഗിയായി അലങ്കരിച്ചുവച്ചു. അനന്തരം സമയം ദുർവ്യയംചെയ്യാതെ ഓരോ ദിവസവും പ്രയോജനകരമാക്കേണ്ടതെങ്ങനെയെന്നു പൎയ്യാലോചിച്ചു. ആദ്യത്തേദിവസം തന്നെ ആസ്പത്രിയിലെ ആദ്ധ്യാത്മികഗുരു മറിയയെ സന്ദൎശിക്കുകയും അപ്പോൾ ദിനന്തോറും വിശുദ്ധകുബ്ബാന സ്വീകരിക്കണമെന്നുള്ള അവളുടെ ആഗ്രഹം അദ്ദേഹത്തെ അവൾ അറിയിക്കുകയും ചെയ്തു.

മറിയയുടെ അമ്മ, വിശുദ്ധ കൊച്ചുത്രേസ്യായുടെ ഒരു നൊവേന ആരംഭിക്കുന്നതിനു ലിസിയോയിലെ

കന്യാസ്ത്രീകൾക്ക് എഴുതി. ആസ്പത്രിയിലായിരുന്നപ്പോൾ അനുദിനം വിശുദ്ധ കുർബാന ഉൾക്കൊള്ളുവാനുള്ള ഭാഗ്യം ലഭിക്കുകയാൽ മറിയം അതിസന്തുഷ്ടയായി. ഈ അമൂല്യദിവ്യവരത്തിന് അവൾ അർഹയല്ലെന്നു വിചാരിച്ച്, തീവ്രഭക്തിയോടെ ഈശോയെ സ്വീകരിച്ചു. അവിടുന്നു ഹൃദയത്തിൽ എഴുന്നരുളുന്ന അവസരത്തിൽ, മരുന്നു കുത്തിവയ്ക്കുമ്പോഴുണ്ടാകുന്ന ഉഗ്രവേദന നിശ്ശബ്ദമായി, നിശ്ചലധീരതയോടെ, സഹിക്കുന്നതിനുവേണ്ട ശക്തി അവൾ നേടും. പിന്നീട് ആ ദുസ്സഹവേദനയെല്ലാം ഓരോ പ്രത്യേക ആളുകളുടെ മാനസാന്തരത്തിനായി കാഴ്ചവയ്ക്കും. മരുന്നു കുത്തിവയ്ക്കാൻ വരുന്ന കന്യാസ്ത്രീ, കുട്ടിയുടെ അനന്യസാധാരണമായ ആത്മശക്തിയും, ഉഗ്രവേദന അവഗണിച്ചു മന്ദസ്മിതപൂർവ്വം കൃതജ്ഞത പ്രകടിപ്പിക്കുന്ന സ്വഭാവവും മററും കണ്ട് അത്ഭുതപ്പെട്ടു.

ഇൻസുലിൻ കുത്തിവയ്പുകൊണ്ടു മറിയയ്ക്ക് അല്പം ആശ്വാസം ലഭിക്കുകയാൽ വീട്ടിലേയ്ക്കു മടങ്ങി. അവൾ വീണ്ടും സ്ക്കൂളിൽ ഹാജരായി പതിവുപോലെ ക്ലാസ്സിൽ പ്രഥമസ്ഥാനം കരസ്ഥമാക്കി.

ആസ്പത്രിയിൽവച്ചു മറിയം ഫാദർ സ്ഫിലിംബർഗ്ഗിനെ തന്റെ ആദ്ധ്യാത്മികഗുരുവായി തിരഞ്ഞെടുക്കുകയും, തന്റെ ആത്മസ്ഥിതി പൂർണ്ണമായി അദ്ദേഹത്തിനു വെളിപ്പെടുത്തുകയുംചെയ്തു. അവിചാരിതമായി സ്വസംരക്ഷണയിൽ വന്നുചേർന്ന ആ അനുഗൃഹീതബാലികാരത്നത്തെ അദ്ദേഹം പൈതൃകസ്നേഹത്തോടെ പരമപദത്തിലേയ്ക്ക് ആനയിച്ചു.

നമ്മുടെ കഥാനായികയുടെ കുടുംബം മുൻപേതന്നെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടതായിരുന്നു. 1925 ഫെബ്രുവരി 15-ാംനു- ഫാദർ സ്ഫിലിംബെർഗ്ഗ് ആ കുടുംബപ്രതിഷ്ഠ നവീകരിച്ച അവസരത്തിൽ, കുടുംബനായകനു പകരം മറിയയാണു പ്രതിഷ്ഠാജപം വായിച്ചതു്. ആ നിമിഷംമുതൽ ഉജ്ജ്വലത്തായ ദൈവസ്നേഹാഗ്നി മറിയയുടെ ആത്മാവിൽ പ്രകാശിച്ചുതുടങ്ങി. എല്ലാകാര്യങ്ങളിലും എല്ലായ്പോഴും ഈശോയെ പ്രീതിപ്പെടുത്തുന്നതാണെന്നു് അവൾ വാഗ്ദാനംചെയ്തു.

എല്ലാദിവസവും സ്കൂളിൽ പോകുന്നതിനുമുമ്പു മറിയം ഈശോയുടെ തിരുഹൃദയസ്വരൂപത്തിന്റെ മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിക്കുകയും, അന്നത്തെ പഠനവും സകല പ്രവൃത്തികളും ഈശോയ്ക്കു സമർപ്പിക്കുകയും, വൈകുന്നേരം സ്കൂളിൽനിന്നു തിരിച്ചുവന്നാലുടൻ അന്നു് അവിടുന്നു നൽകിയ ദാനങ്ങൾക്കു നന്ദിപറയുകയും പതിവായിരുന്നു. പഠിക്കുകയും കളിക്കുകയും ചെയ്യുന്നതിനിടയ്ക്കും ഈശോയോടു് ആത്മനാ സംസാരിക്കുകയും, സുകൃത കുസുമങ്ങൾ കാഴ്ചവെക്കുകയും ചെയ്യുന്നതിൽ മറിയം ഉൽസുകയായിരുന്നു. ഇപ്രകാരം അവളുടെ ജീവിതം തിരുഹൃദയത്തിനു് അതിപ്രീതിദമായ ഒരു സജീവബലിയായിത്തീർന്നു.

മറിയം അക്കാലത്തു വീട്ടിൽ താമസിച്ചുകൊണ്ടു സ്കൂളിൽ പോകുകയായിരുന്നുവെങ്കിലും ഇൻസുലിൻ പതിവായി കുത്തിവച്ചിരുന്നു. മേയ്മാസത്തിൽ ഈശോ അവിടുത്തെ വാത്സല്യപുത്രിക്കു് ഒരു പുതിയ പീഡകൂടി നൽകി. അസംഖ്യം കുത്തിവയ്പിന്റെ ഫലമായി,

അതിവേദനയുള്ള ഒരു പരു ദേഹത്തിലുണ്ടായി. ദുസ്സ
ഹമായ ഈ നിരന്തരക്ലേശങ്ങളെല്ലാം അവൾ തന്റെ
പ്രായത്തെ അധികരിച്ച ക്ഷമയോടുകൂടി സഹിച്ച്, പാ
പികളുടെ മാനസാന്തരാൎത്ഥം ഈശോയ്ക്കു സമ
പ്പിച്ചു. താൻ വിലപിക്കുന്നാപക്ഷം പ്രിയജനങ്ങൾക്ക്
അതു കൂടുതൽ സന്താപകാരണമാകുമല്ലോ എന്നു കരു
തി, ആ കുട്ടി നിശ്ശബ്ദം പുഞ്ചിരിപ്പൂനിലാവു പൊഴിച്ചു
കൊണ്ട് എല്ലാം സഹിച്ചു. അവളുടെ സുസ്മേരവദനം
കാണുന്നവൎക്ക് അവൾ എത്ര അധികമായി സഹിക്കുന്നു
വെന്നറിയാൻ കഴിഞ്ഞിരുന്നില്ല.

സ്കൂൾവൎഷം അവസാനിച്ചു. മറിയം തനിക്കു
ലഭിച്ച അഭിനന്ദനാർഹമായ സാക്ഷിപത്രം ഈശോയു
ടെ പാദപത്മങ്ങളിൽ കാഴ്ചവച്ചു; "ഈശോയെ, യോ
ഗ്യത മുഴുവനും അങ്ങെയുടേതാണ്; അപ്പനും അമ്മയ്ക്കും
ഇങ്ങനെയൊരു ആശ്വാസം അനുവദിച്ചതിനു ഞാൻ
ഹൃദയപൂൎവ്വം നന്ദി പറയുന്നു" എന്ന് അവൾ ഉണൎത്തി
ച്ചു. ആരെങ്കിലും അവളുടെ വിജയത്തെപ്പററി പുകഴ്ത്തി
പ്പറയുന്നതു കേട്ടാൽ, പരമാൎത്ഥവിനയത്തോടെ "എ
നിക്ക് എത്ര അധികം സഹായം ലഭിച്ചു; എന്റെ സ
ഹപാഠികൾ എന്നേക്കാൾ സമൎത്ഥരാണ്" എന്ന് അ
വൾ പറഞ്ഞിരുന്നു.

അവധിക്കാലം മറിയം ആമോദപൂൎവ്വമാണു സ
മാരംഭിച്ചത്. എന്നാൽ അല്പദിവസത്തെ വിശ്രമാന
ന്തരം ഈശോ അവളുടെ സ്നേഹത്തിന്റെ ശക്തിയേ
നല്ലവണ്ണം ഒന്നു പരീക്ഷിക്കുന്നതിനു നിശ്ചയിച്ചു. മേയ്
മാസത്തിലുണ്ടായ വ്രണം ഒരുവിധം സുഖപ്പെട്ടു എന്നു

തോന്നിയെങ്കിലും അതു വീണ്ടും വളൎന്നുവന്നു്, അവളുടെ ദേഹസ്വാസ്ഥ്യം തീരെ നശിപ്പിച്ചു. പനി കലശലായി. ഈ അവസരത്തിൽ ഡോക്ടരുടെ അഭിപ്രായവും ആശാജനകമായിരുന്നില്ല. ഒരു ശസ്ത്രക്രിയകൊണ്ടു പക്ഷേ സുഖമുണ്ടായേക്കാമെന്നു ഡോക്ടർ പറഞ്ഞതിനാൽ ആകുലചിത്തരായ മാതാപിതാക്കന്മാർ അതിനും സമ്മതിക്കുകതന്നെ ചെയ്തു.

ക്ലോറഫോം കൊടുത്തു ബോധം കെടുത്താതെ വളരെ നേരത്തേയ്ക്കു ദീൎഘിച്ച ആ ശസ്ത്രക്രിയ, മറിയയ്ക്കും അതു നോക്കിനിന്ന അമ്മയ്ക്കും തീവ്രവേദനയുളവാക്കി. ആ വീരബാലികയുടെ തുടയിൽ എട്ടു് ഇഞ്ചു നീളത്തിൽ കീറി. മുറിവിൽ വീണ്ടും വീണ്ടും ഡോക്ടരുടെ കത്തി തുളഞ്ഞുകയറുമ്പോഴും ആ ക്ഷീണിച്ച ശരീരം വിറകൊണ്ടു. പക്ഷേ അവൾ കുരിശിൽ തൂങ്ങി മരണവേദനയനുഭവിച്ച ഈശോയുടെ സ്വരൂപത്തിന്മേൽ ദൃഷ്ടിയുറപ്പിച്ചു്, ഈശോയുടെ തിരുനാമം ഉച്ചരിച്ചുകൊണ്ടിരുന്നു. ശസ്ത്രക്രിയ കഴിഞ്ഞു മറിയയെ വീട്ടിലേയ്ക്കു കൊണ്ടുപോയി. 24 മണിക്കൂർ കഴിഞ്ഞതിനുശേഷമാണു് അവൾക്കു ശരിയായി ശ്വാസോച്ഛ്വാസം ചെയ്വാൻ സാധിച്ചതു്. ഈ ദയനീയസ്ഥിതിയിൽ ആകസ്മികമായി കുറേയധികം ഐഡിൻ കാലിൽ വീണു പൊള്ളി ആ കുഞ്ഞിന്റെ രക്തസാക്ഷിത്വം അധികരിപ്പിച്ചു. അസാദ്ധ്യകാൎയ്യങ്ങളിൽ ആശയുളവാക്കി പിന്നീടു് അതു നിരാശയായി പരിണമിപ്പിക്കരുതെന്നു കരുതി, ഡോക്ടർ, മുറിവു സുഖപ്പെടുന്നതിനു കാലതാമസം വേണ്ടിവരുമെന്നും ദീനം വൈഷമ്യമേറിയതാണെന്നും

മാതാവിനെ അറിയിച്ചു. സന്തപ്തയായ ആ മാതാവു് ആ കൊച്ചുവേദനസാക്ഷിണിയുടെ സമീപം ദിവരാത്രങ്ങൾ കഴിച്ചുകൂട്ടി. സ്വാഭിലാഷം പൂൎണ്ണമായി ദിവ്യഹൃദയത്തിനു സമൎപ്പിച്ചശേഷം മാത്രമേ ഓമനമകളെ നോക്കി പുഞ്ചിരിതൂകുന്നതിനു് അവൾ സാധിച്ചുള്ളു.

മറിയയുടെ ആത്മഗുരുവായ ഫാദർ സ്ഫിലിംബെൎഗ്ഗിന്റെ സന്ദൎശനം അവൾക്കു് അലൗകികമായ ആശ്വാസം നൽകി. അദ്ദേഹത്തെ കാണുമ്പോൾ അവളുടെ വിളറിയ മുഖത്തു മധുരസ്മിതം വിളയാടുകയും അവൾ ആനന്ദഭരിതയാകയും ചെയ്യും. വേദനയുടെ ഉഗ്രത ശമിക്കുമ്പോൾ അവൾ പ്രസന്നതാപൂൎവ്വം മന്ദസ്മിതം തൂകി ഈശോയുടെ ദിവ്യസ്വരൂപത്തിൽ നോക്കി "ഈശോയെ, അവിടുത്തെ തിരുച്ചിത്തമനുസരിച്ചു് എന്നെക്കൊണ്ടു് എന്തും ചെയ്യാലും! അങ്ങേ സ്നേഹത്തെപ്രതി എല്ലാക്ലേശങ്ങളും വേണ്ടവണ്ണം സഹിക്കുന്നതിനു ശക്തി തരണമേ" എന്നു പ്രാൎത്ഥിച്ചിരുന്നു.

ഒരു രാത്രി ഉഷ്ണാധിക്യത്താൽ മറിയയ്ക്കു് ഉറക്കം വന്നില്ല. അന്നു് അടുത്തു കാവൽനിന്നിരുന്ന അമ്മയോടു് അവൾ ഇങ്ങനെ പറയുകയുണ്ടായി: "ഞാൻ വേദനയനുഭവിക്കുമ്പോൾ എന്റെ അടുത്തുനിന്നു്, അമ്മയും വ്യസനിക്കുന്നല്ലോ; ആ ഘോരവേദനയുടെ സമയത്തു് ഈശോ ഏററം അടുത്തിരിക്കുന്നതായി എനിക്കു തോന്നുന്നു. അതിനാൽ പീഡ സഹിക്കുന്നതു് എനിക്കു സംതൃപ്തിജനകമാണു്; വേദന ഒരനുഗ്രഹമാണു്. അതിൽ നമുക്കു ദൈവത്തെ സ്തുതിക്കാം." ഈ വാക്കുകൾ അമ്മയുടെ ഹൃദയത്തിൽ അഗാധമായി പ

തിഞ്ഞു. അതിനുശേഷം ആ സതീരത്നം കുഞ്ഞിൻെറ സുഖലബ്ധിക്കുവേണ്ടി പ്രാത്ഥിച്ചതേയില്ല; പ്രത്യുത, അവർ ദൈവതിരുമനസ്സിനു പൂൎണ്ണമായി കീഴ്പ്പെട്ടു.

## VIII.

### പുതിയ കുരിശുകൾ.

ഡോക്ടരുടെ പ്രതീക്ഷയ്ക്കു പ്രതികൂലമായി മറിയം അതിശീഘ്രം സുഖം പ്രാപിച്ചുതുടങ്ങി. ഈ അവസരത്തിൽ ജ്യേഷ്ഠസഹോദരനായ പീയറോ മറിയയുടെ വീരോചിതമായ സഹനശീലത്തെ അഭിനന്ദിച്ച്, അവൾ ഒരു വീരബാലികയാണെന്നും മററും എഴുതി അയച്ചു. അതിനു മറുപടിയായി മറിയം ഇങ്ങനെ എഴുതി: "വീര എന്ന പദത്തിനു നിഘണ്ടുവിൽ ഏതെങ്കിലും മഹാകൃത്യം ചെയ്യുവൾ എന്നാണ് അത്ഥം. എന്നാൽ ഞാൻ വലിയ കാൎയ്യങ്ങളൊന്നും ചെയ്തിട്ടില്ല. എനിക്ക് അനുഭവിക്കേണ്ടിവന്ന പീഡകൾ ക്ഷമയോടെ സഹിച്ച് അവയെ ഈശോയ്ക്കു സമപ്പിക്കുവാൻ സാധിച്ചതു ദൈവവരപ്രസാദത്തിൻെറ ശക്തിയാലും ഈശോയെ അറിഞ്ഞു സ്നേഹിക്കുന്നതിന് എന്നെ പഠിപ്പിച്ച നമ്മുടെ അമ്മയുടെ സഹായത്താലുമാണ്. അതിനാൽ ഈശോ മഹത്വപ്പെട്ടവനാകട്ടെ."

രോഗശാന്തിയുണ്ടായപ്പോൾ മറിയം വീണ്ടും അമ്മയോടുകൂടി പ്രകൃതിവിലാസത്താൽ മനോജ്ഞമായ ട്രെൻറീനോ എന്ന സ്ഥലത്തു വിശ്രമാത്ഥം താമസമുറ

പ്പിച്ചു. അവിടെ താമസിക്കുമ്പോൾ എല്ലാദിവസവും പള്ളിയിൽ പോകുന്നതിനു സാധിക്കാഞ്ഞതിനാൽ, തിരുഹൃദയസ്വരൂപത്തിൻ മുമ്പാകെ, ആരുമറിയാതെ, പോയി സാഷ്ടാംഗം വീണ് അവൾ പലപ്പോഴും പ്രാൎത്ഥിച്ചിരുന്നു. ദിവസവും രാവിലെ അമ്മാവിയുടെ മകനും മൂന്നുവയസ്സു പ്രായമുള്ളവനുമായ റേറാഞ്ഞിയോ എന്ന ബാലനോട്ടുകൂടി അവൾ നടക്കുവാൻ പോകുക പതിവായിരുന്നു. അപ്പോഴെല്ലാം വനകുസുമങ്ങൾ ഇറുത്തു സമീപെയുള്ള പരിശുദ്ധകന്യകയുടെ ഒരു ജപമണ്ഡപത്തിങ്കൽ ചെന്ന് അവിടെ പ്രതിഷ്ഠിച്ചിട്ടുള്ള മറിയത്തിൻെറ തിരുസ്വരൂപത്തെ അലങ്കരിച്ചുവന്നിരുന്നു.

വിദ്യാലയവൎഷാരംഭത്തോടുകൂടി മറിയം സ്വഭവനത്തിൽ തിരിച്ചെത്തി. പഠനം തുടരുന്നതിനു മറിയയ്ക്കു് അത്യാശയുണ്ടായിരുന്നെങ്കിലും അനാരോഗ്യം അതിന് ഒരു പ്രതിബന്ധമായിതീൎന്നു; വീണ്ടും ദീനം കലശലായി. അവൾ മരിച്ചുപോകുമെന്ന് എല്ലാവരും വിചാരിച്ചു. വ്യസനാക്രാന്തരായ മാതാപിതാക്കന്മാർ കണ്ണുനീർപൊഴിച്ചു. കുറേനാളായി തമ്മിൽ കാണാതിരുന്ന പീയറോയെ കണ്ടപ്പോൾ അവൾ മധുരസ്മിതത്തോടെ, പണിപ്പെട്ടു കരങ്ങളുയൎത്തി സഹോദരൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു് ആലിംഗനം ചെയ്തു. അന്നു മറിയയെ സന്ദൎശിച്ച ഒരു വൈദികൻ "കുഞ്ഞേ നിന്നെ ഇപ്പോൾ തന്നെ ഈശോ സ്വൎഗ്ഗീയഭവനത്തിലേയ്ക്കു വിളിക്കുകയില്ല. കാൽവരിയിൽ എത്തുന്നതിനു കുറേ ദൂരം കൂടി യാത്രചെയ്യേണ്ടതുണ്ടു്. അവിടെ നീയൊരു ബലിയായിത്തീരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു"

വെന്നു പറഞ്ഞു. ഈ പരമത്യാഗത്തിന് ഈശോ അവ ളെ തിരഞ്ഞെടുത്തതിൽ ആഹ്ലാദഭരിതയായി അവൾ പുഞ്ചിരി തൂകി.

ദാരുണദുഃഖങ്ങളുടെ ഇടയ്ക്കു കരുണാനിധിയായ സർവ്വേശ്വരൻ മറിയയ്ക്കു പലവിധത്തിലുള്ള ആശ്വാ സങ്ങളും പ്രദാനം ചെയ്യാതിരുന്നില്ല. ധവളകുസുമങ്ങ ളാൽ അലംകൃതമായ അവളുടെ ചെറിയമുറിയിൽ ഫാ ദർ സ്ഫിലിംബെർഗ്ഗ് ദിവ്യപൂജ സമർപ്പിച്ചു. അവളുടെ രണ്ടു സഹോദരന്മാരും പിതൃജനങ്ങളും ബന്ധുമിത്രാ ദികളും ആ പരമബലിയിൽ സംബന്ധിക്കുകയും, ആ കെ പതിനാറുപേർ മറിയയുടെ കിടക്കയുടെ അടുത്തു മുട്ടുകുത്തി ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. മറി യയുടെ ആനന്ദം! സൌഭാഗ്യം!! അതെത്ര അവർണ്ണനീ യം!!! സ്വർഗ്ഗീയപ്രഭാപൂരം അവളുടെ വദനാരവിന്ദ ത്തെ വലയംചെയ്തു. അന്നു ദിവ്യകാരുണ്യ ഈശോ മറി യയുടെ ഹൃദയം സന്ദർശിക്കവേ, ആത്മരക്ഷാർത്ഥം അ വൾ ഒരു സ്നേഹബലിയാകണമെന്ന് അവിടുന്ന് ആവ ശ്യപ്പെട്ടു. ആനന്ദഭരിതയും വികാരക്ഷുഭിതയുമായ ആ ബാലിക സ്വയം പൂർണ്ണമായി ആത്മനാഥനു സമർപ്പി ച്ചു. തദനന്തരം സുഖപ്രാപ്തിക്കായി അവൾ പ്രാർത്ഥി ച്ചതേയില്ല. ആ സുദിനത്തിൻെറ സ്മരണ അവളുടെ മനസ്സിൽനിന്നും ഒരിക്കലും മാഞ്ഞുപോയുമില്ല.

അല്പം സുഖം ലഭിച്ചപ്പോൾ വീണ്ടും സ്കൂളിൽ പോകാൻ അവൾ ആഗ്രഹിച്ചു. എന്നാൽ പ്രിയജന ങ്ങളുടെ ഉപദേശമനുസരിച്ച്, അവൾ വീട്ടിൽ സ്വൈ രമായി വസിച്ചുകൊണ്ട് ഈശോയുടെ വാത്സല്യകുഞ്ഞാ

ടാകുന്നതിനു ശ്രമിച്ചു. ഒരിക്കൽ അവളുടെ ആത്മപിതാവ്, അവൾക്കു മനസ്സിന് അസ്വസ്ഥതയുണ്ടാകുന്ന വല്ലതുമുണ്ടോ എന്നു ചോദിച്ചപ്പോൾ, "പഠിക്കുവാൻ എനിക്കു വളരെ ഇഷ്ടമുണ്ട്. അതു സാധിക്കാത്തതിൽ അതിയായ കുണ്ഠിതവുമുണ്ട്. കൂടാതേയും അനാരോഗ്യം നിമിത്തം മാതാപിതാക്കന്മാർക്ക് ആശ്വാസസഹായങ്ങൾ നൽകുന്നതിനു ഞാൻ അശക്തയുമായിരിക്കുന്നു. എന്നാൽ എല്ലാം ദൈവഹിതംപോലെയാകട്ടെ" എന്നു പ്രതിവചിച്ചു.

വിശ്വാസശൂന്യന്മാർക്കു കഷ്ടാരിഷ്ടതകൾ അന്തമില്ലാത്ത ഒരു അന്ധതാമിസ്രമായി തോന്നിയേക്കാം. എന്നാൽ,

"കദനം കനലാണ് മാനുഷാന്തഃ-
കരണം കാഞ്ചനമെന്നുമെണ്ണിടേണം,
കനകത്തിനു കാന്തികൂട്ടമല്ലോ
കനലിൽച്ചുട്ടുവരുത്തൊടുത്തുവെന്നാൽ"

എന്ന കവിവാക്യമനുസരിച്ചു മറിയം തുടരെ അനുഭവിച്ചുവന്ന ദുഃഖാഗ്നിയിൽ അവളുടെ പാവനാന്തഃകരണജ്യോതിസ്സ് അധികമധികം തിളങ്ങുകയാണുണ്ടായതു്. ആ ബാലികയുടെ നിഷ്കപടസ്നേഹത്തിന്റെ തീക്ഷ്ണത കണ്ടു് ഈശോ അവളെ ഉത്തരോത്തരം തന്നിലേക്കു ലയിപ്പിച്ചു. അവളുടെ മുഖശ്രീയും സ്വഭാവമാധുര്യ്യവും സ്വഹൃദയത്തിൽ കുടികൊണ്ട ദൈവികശാന്തിയുടെ പ്രത്യക്ഷലക്ഷ്യങ്ങളായിരുന്നു. കുരിശിനാൽ അവൾ വശീകൃതയായി. കഷ്ടതകൾ സഹിക്കുന്നതു് അവൾക്കു സന്തോഷത്തിന്റെ പരമകാഷ്ഠയുമായിരുന്നു.

മറിയം ഇപ്പോഠം പഠനകാര്യത്തിൽ ഉൽസുകയ ല്ല. അവളുടെ ഹൃദയത്തിൻെറ ഓരോ സ്പന്ദനവും ശ്വാസത്തിൻെറ ഓരോ ഉച്ഛ്വാസവും എല്ലാം ഈശോ യ്ക്കു സമപ്പിക്കപ്പെട്ടിരിക്കുന്നു. അസാധാരണസ്നേഹ വായ്പോടെ അവഠം അടുത്തുവന്ന പിറവിത്തിരുനാളിന് ഒരുങ്ങിത്തുടങ്ങി. അവഠം അനുഭവിക്കേണ്ടിവന്ന ദുരന്ത ദുരിതങ്ങഠം കൂടാതെ, ആശാനിഗ്രഹങ്ങളാകുന്ന പരിമള കുസുമങ്ങഠംകൊണ്ടും ഉണ്ണിയീശോയുടെ പുൽക്കൂട്ട് അ വഠം അലങ്കരിച്ചു. മറിയയും അമ്മയുമൊഴികെ ശേഷ മെല്ലാവരും പാതിരാക്കുർബാനയ്ക്കു പള്ളിയിൽ പോയി. മറിയം അദ്ധ്രാത്രിക്കുണന്ന് അല്പനേരം ദിവ്യ ഉണ്ണി യോട്ട് ആത്മസംഭാഷണം ചെയ്തുശേഷം വീണ്ടും ഉറങ്ങി.

ഡിസംബർ 31-ാംനു- മറിയം അവളുടെ ഡയറി യിൽ എഴുതിയ ഭാഗം ഇവിടെ ചേക്കുന്നു: "സന്താപ സന്തോഷസമ്മിശ്രമായ ഒരുകൊല്ലം കഴിഞ്ഞുപോയി രിക്കുന്നു. ഈശോ തിരഞ്ഞെടുക്കപ്പെട്ടവക്കു കുരിശു നൽകുന്നു. അതിനാൽ ഞാൻ തിരഞ്ഞെടുക്കപ്പെട്ട വരിൽ ഒരുവളാണ്. ദുഃഖം എന്നെ ഈശോയോട്ട് അധികമധികം അടുപ്പിക്കുന്നു. വലിയ കാര്യ ങ്ങഠം ചെയ്യുന്നതിനു ഞാൻ അശക്തയാണെന്ന് എനി ക്കറിയാം. എന്നാൽ എൻെറ ആത്മീയോദ്യാനത്തിൽ യാതൊരു കളകളും വളരുന്നതിന് ഇടകൊടുക്കാതെ അതിനെ നിമ്മലമായി സൂക്ഷിച്ച്, അനുസരണം ശാ ന്തത പരിശുദ്ധത ആദിയായ സുരഭിലകുസുമങ്ങഠം നട്ടു വളത്തി, അതിൽ വിഹരിക്കുന്നതിന് ഉണ്ണിയീശോയെ ഞാൻ ക്ഷണിക്കും. കൊച്ചുത്രേസ്യാ, മഗ്ദലീത്താ അല്

ക്കോക്ക് ആദിയായ നിരവധി പുണ്യവതികളെ ദിവ്യവരങ്ങളാൽ നിറച്ച ഈശോയെ! നാഥാ! അങ്ങേ അധികമധികം സ്നേഹിപ്പാൻ എനിക്കു വരം നൽകുക." നവവത്സരത്തിൽ അവളുടെ ഏകചിന്ത സർവ്വദാ അധികമധികം ഈശോയെ സ്നേഹിക്കണമെന്നു മാത്രമായിരുന്നു.

അമ്മ അദ്ധ്യാപനവൃത്തിക്കായി സ്കൂളിൽ പോകുന്ന ദിവസങ്ങളിൽ, പകൽമുഴുവനും തനിയെ കഴിച്ചുകൂട്ടുക മറിയയ്ക്കു വളരെ വിഷമമായിരുന്നു. എന്നാൽ ഈശോയുടെ സ്നേഹത്തിനും, അമ്മയ്ക്കു രോഗിണിയായ ഓമനമകളെ പിരിഞ്ഞിരിക്കുന്നതിലുള്ള ദുഃഖം വർദ്ധിപ്പിക്കാതിരിക്കുന്നതിനുംവേണ്ടി സന്തോഷപൂർവ്വം അവൾ ആ ത്യാഗം സ്വീകരിച്ചു. അവളുടെ ഏകാന്തവാസത്തെ അല്പം പ്രസന്നമാക്കുന്നതിനുവേണ്ടി അയൽക്കാരായ ചില ബന്ധുമിത്രങ്ങൾ മറിയയെ സന്ദർശിച്ചുവന്നു. അവരെ അവൾ കൃതജ്ഞതാസമന്വിതം സൽക്കരിച്ചു. അവൾ ഒരിക്കലും ഉദാസീനയായിരുന്നില്ല. നല്ല പുസ്തകങ്ങൾ വായിക്കുകയും, അല്പം തുന്നുകയും പീയാനോ വായിക്കുകയും നടക്കാൻ ശക്തി തോന്നുമ്പോൾ ചില്ലറ ഗൃഹജോലികൾ നിർവ്വഹിക്കുകയും മറ്റും ചെയ്തു സമയം കഴിച്ചുകൂട്ടി. മാറിയോ ചിലപ്പോൾ മരത്തിൽനിന്നു താഴെ വീണു്, ഉടുപ്പു കീറി, ദേഹം മുറിഞ്ഞു്, ബദ്ധപ്പെട്ടോടി വരുമ്പോൾ അവനു വേണ്ട സഹായങ്ങളെല്ലാം മറിയം ചെയ്തുകൊടുക്കും. അന്യരെ ആഹ്ലാദിപ്പിക്കുക മറിയയ്ക്കു് അത്യാനന്ദപ്രദമായിരുന്നു.

എന്നാൽ എല്ലാററിലും ഉപരിയായി, മറിയം സ്വന്തം ആത്മപരിപൂർണ്ണത പ്രാപിക്കുന്നതിന സർവ്വാത്മനാ ശ്രമിച്ചിരുന്നു. ദൈവത്തിനു പൂർണ്ണമായി പ്രതിഷ്ഠിതയായ നമ്മുടെ പുണ്യചരിത, തൻെറ വിനയംമൂലം തനിക്കു വലുതായി തോന്നിയ അല്പകുററങ്ങളെപ്പോലും നിർമ്മൂലമാക്കുന്നതിന് അക്ഷീണയത്നം ചെയ്തുവന്നു. ജീവിതത്തിലെ എല്ലാ സംഭവങ്ങളെയും, ഏററം നിസ്സാരമായവയെപ്പോലും, സർവ്വവല്ലഭനായ ദിവ്യപിതാവിൻെറ തൃക്കരങ്ങളിൽനിന്നു ലഭിക്കുന്ന രാജകീയവരങ്ങളായി അവൾ പരിഗണിച്ചു. ഒരു ചെറിയ പഞ്ചാംഗം കിട്ടിയപ്പോൾ, "ഇത് ഈശോ എനിക്ക് അയച്ചുതന്നതാണ്. ഞാൻ എന്നും ദിവ്യകാരുണ്യസന്നിഹിതനായ ഈശോയെ പ്രത്യേകം സ്മരിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു" എന്ന് അവൾ പറഞ്ഞു. അവളുടെ സഹോദരൻ ഒരു ചെറിയ നോട്ടുബുക്ക് സമ്മാനിച്ചു. അതു തൻെറ ആത്മവിജയങ്ങളെ കുറിച്ചിടുന്ന ഡയറിയാക്കണമെന്നു നിശ്ചയിച്ച്, "എൻെറ ഈശോയെ ഞാൻ നന്ദിപറയുന്നു" എന്നു പറഞ്ഞു.

സ്വശക്തിയിൽ തീരെ വിശ്വാസമില്ലാത്ത ആ കൊച്ചുബാലിക ഈശോയിൽ ശരണംപ്രാപിച്ചുകൊണ്ട്, പരിത്യാഗമാർഗ്ഗത്തിൽക്കൂടി പുണ്യപൂർണ്ണതാപദത്തിലേയ്ക്കു ത്വരിതഗമനം ചെയ്തു. ഈ ചെറുപുഷ്പത്തെ സുരഭിലവും മധുപൂരിതവുമാക്കുന്നതിന് ഈശോ അനുപദം പുതിയ പുതിയ ശല്യങ്ങൾ അതിനു നൽകിക്കൊണ്ടിരുന്നു. ആദ്ധ്യാത്മികജീവിതത്തിൽ മറിയയുടെ മാർഗ്ഗദർശിയായിരുന്ന ഫാദർ സ്ഫിലിംബർഗ്ഗിന് മററൊ

ആ നഗരിയിലേയ്ക്കു സ്ഥലംമാററമുണ്ടായി. ആത്മഗുരുവിൻെറ ഈ വേർപാട് അവൾക്കു മർമ്മഭേദകമായിരുന്നു; എന്തെന്നാൽ അതേവരെ തൻെറ ആത്മസ്ഥിതി പൂർണ്ണമായി അദ്ദേഹത്തിനു വെളിപ്പെടുത്തി ആ വന്ദ്യഗുരുവിൻെറ ഉപദേശം അനുസരിച്ചുവന്ന അവൾ അദ്ദേഹത്തിൻെറ അഭാവത്തിൽ അത്യധികം പരിഭ്രാന്തയായി. ഈ ഘട്ടത്തിൽപോലും അവൾ സമാധാനമവലംബിച്ചുപറയുന്നു: "ഈശോ എൻെറ ആത്മപിതാവിനെ എന്നിൽനിന്ന് അകററി; അവിടുന്നുതന്നെ ഇനി എന്നെ കാത്തുപരിപാലിക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ മേയ്മാസത്തിൽ പരിശുദ്ധമാതാവിനു ഞാൻ ഒരു മനോഹരപുഷ്പം കാഴ്ചവയ്ക്കും. ഇത് ഏറിയ കണ്ണുനീർകൊണ്ടു നനച്ചുവളർത്തിയതാകയാൽ മാതാവിന് അത്യധികം പ്രീതിയുണ്ടാകാതിരിക്കയില്ല. ഞാൻ നിസ്സഹായയാകയാൽ ഈശോയുടെ തൃക്കരങ്ങളിൽ വഹിക്കപ്പെടേണ്ടവളാണെന്നു പരിശുദ്ധമാതാവിനെ അറിയിച്ചിട്ടുണ്ട്. ഞാൻ എൻെറ ഈശോയുടെ അടുത്തിരുന്ന് എൻെറ ആവലാതികളെ ഉണർത്തിക്കുമ്പോൾ അവിടുന്നു സ്നേഹമസൃണമായ മധുരോക്തികളാൽ എന്നെ ആശ്വസിപ്പിക്കും. ഹാ ! ആത്മവല്ലഭൻെറ സാന്ത്വനവചസ്സിൻെറ മാധുര്യവും പ്രഭാവവും!! തന്മൂലം കുരിശിൻെറ ഭാരം ലഘൂകരിക്കപ്പെടുന്നു. ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്പ്പെടുന്നതിനു മനസ്സു സന്നദ്ധമാകുന്നു."

പിന്നീടു ഫാദർ റോസിയെ ആത്മഗുരുവായി ലഭിക്കുന്നതുവരെ മറിയം അവളുടെ വീഴ്ചകളും കുററങ്ങളുമെല്ലാം ഫാദർ സ്ഫിലിംബെർഗ്ഗിന് എഴുതി അറിയിച്ചു

വന്നു. അത്യാസന്നാരോഗിയായ ഒരു ബാലനു ചെയ്ത ശസ്ത്രക്രിയ സഫലമാകുന്നതിനു മറിയയുടെ ജപങ്ങളും പീഡകളും കാഴ്ചവയ്ക്കണമെന്നു ഫാദർ റോസി ആവശ്യപ്പെടുകയും, പകരം അദ്ദേഹം ദിവ്യപൂജ സമർപ്പിക്കുമ്പോൾ മറിയയെക്കൂടെ സ്മരിക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. "ആ കുട്ടിയുടെ സുഖപ്രാപ്തിക്കായി ഞാൻ തീവ്രമായി പ്രാർത്ഥിക്കാം. ഞാൻ രോഗിയും ബലഹീനയുമാണ്; ഈശോ സ്വപുത്രകരങ്ങളാൽ എന്നെ സംവഹിക്കുന്നു. അവിടുത്തെ ദിവ്യഹൃദയത്തിൽ വിശ്രമിച്ചുകൊണ്ട്, സ്നേഹഭാഷണങ്ങളാലും ചുംബനങ്ങളാലും ഈശോയെ പ്രസാദിപ്പിച്ച്, നാം ആഗ്രഹിക്കുന്ന വരം ഞാൻ നേടും. ആത്മജനങ്ങൾക്കുവേണ്ടി നവമായി ദിവ്യവരങ്ങൾ അപേക്ഷിക്കുക എനിക്ക് അത്യധികം സന്തോഷകരമാണ്. ദിവ്യപൂജയിൽ എന്നെ സ്മരിക്കുമെന്നുള്ള അച്ചന്റെ ഉദാരമായ മഹാമനസ്കതയ്ക്കു നമസ്കാരം" എന്നു മറിയം പ്രതിവചിച്ചു. ശസ്ത്രക്രിയ വിജയപ്രദമാകയും ആ കുട്ടി അതിശീഘ്രം സുഖം പ്രാപിക്കുകയുംചെയ്തു.

## IX.

### ദീനക്കിടക്കയിലെ വേദപ്രചാരവേല.

മറിയം അക്കൊല്ലവും ഗ്രീഷ്മകാലം ടെൻറിനോയിലെ മലംപ്രദേശത്തു കഴിച്ചുകൂട്ടി. അവിടെ അടുത്തെങ്ങും ഒരു പള്ളി ഉണ്ടായിരുന്നില്ല. ഈ പ്രവാ

സവും ഒരു ത്യാഗമായി കരുതി അവൾ ഏകാന്തധ്യാന ത്തിലും ഈശോയോടുള്ള സ്നേഹസല്ലാപത്തിലും അധി കസമയവും വിനിയോഗിച്ചു. പ്രകൃതിസൗന്ദര്യം കാണു മ്പോൾ ദൈവത്തിനു സ്വസൃഷ്ടികളുടെ മേലുള്ള സ്നേ ഹാതിരേകം ഓർത്ത് അവൾ സാത്വികചിന്തയിൽ ല യിക്കും. ഹിമാവൃതമായ പർവ്വതം കാണുമ്പോൾ മറിയം ആനന്ദപരവശയായി "അത്ഭുതജനകങ്ങളായ എത്ര സുന്ദരവസ്തുക്കൾ നമ്മെ വലയം ചെയ്തിരിക്കുന്നു. പ്രേ മപൂർണ്ണമായ ഹൃദയത്തോടെ നാം ഈ ദിവ്യദാനങ്ങൾ ക്ക് ഈശോയോടു കൃതജ്ഞത പ്രകടിപ്പിക്കേണ്ടതല്ല യോ ?" എന്നു ചോദിക്കും.

പീയറോ ഒക്ടോബർ 1-ാംനു- ഉപരിപഠനാർത്ഥം റോമിലേയ്ക്കു പോകുന്നതു പാദുവാ വഴിക്കായിരുന്നതി നാൽ സ്വസഹോദരനെ കാണ്മാൻ അത്യാശയുണ്ടായി രുന്ന മറിയയെ വീട്ടിലേയ്ക്കു വിളിപ്പിച്ചു. കുട്ടിക്കു ക്ഷീ ണം വർദ്ധിച്ചിരിക്കുന്നതുകണ്ടു ദീനം വൈഷമ്യനിലയി ലെത്തി എന്നു പ്രഥമവീക്ഷണത്തിൽതന്നെ അമ്മയ്ക്കു മനസ്സിലായി. എന്നാൽ പ്രിയസോദരനെ കണ്ടതി നാലുളവായ ആനന്ദാതിരേകംനിമിത്തം മധുരസ്മേര വികസിതമായ അവളുടെ മുഖം കണ്ടവർ, യാത്രാക്ലേശം തീരുമ്പോൾ അവൾക്കു വീണ്ടും ആരോഗ്യമുണ്ടാകുമെന്നു പ്രതീക്ഷിച്ചു.

കുറേദിവസങ്ങൾക്കുമുമ്പു മറിയയുടെ കുടുംബം ഒരു പുതിയ വസതിയിലേയ്ക്കു താമസം മാററിയിരുന്നു. അ തിൽ വെള്ളയും നീലയും നിറംപൂശിയ കമനീയമായ ഒരു ചെറിയ മുറി മറിയയ്ക്കു ശയനമുറിയായിട്ട് അമ്മ

ഒരുക്കിയിരുന്നു. അന്നുതന്നെ ഫാദർ റോസി ഭവനം ആശീർവ്വദിക്കുവാൻ അവിടെ എത്തി. "ഈശോ ദിവ്യ വരസമൃദ്ധിയോടുകൂടി ഞങ്ങളുടെ വസതിയിൽ എഴുന്നെള്ളി ഞങ്ങളെ അനുഗ്രഹിച്ചു" എന്നു മറിയം എഴുതിയിരിക്കുന്നു. അന്നു മറിയയ്ക്കു തീരെ സുഖമില്ലായിരുന്നെങ്കിലും പീയറോയെ ദുഃഖിപ്പിക്കരുതെന്നു കരുതി വളരെ പണിപ്പെട്ട് എല്ലാ ചടങ്ങുകളിലും അവൾ സംബന്ധിച്ചു. പീയറോ സഹോദരിയുടെ യഥാർത്ഥസ്ഥിതി അറിയാതെ, സന്തുഷ്ടചിത്തനായി ആശ്ലേഷാശംസകൾ ചെയ്തു യാത്രപറഞ്ഞുപോയി. പക്ഷേ അത് ഈലോകത്തിൽ അവർതമ്മിലുള്ള അന്തിമസമാശ്ലേഷമാണെന്നു മറിയയ്ക്കു തോന്നി.

മറിയയുടെ ദീനം വീണ്ടും മൂർച്ഛാവസ്ഥയിലെത്തി. ഒക്ടോബർ 25-ാംനു- ഒരു ശസ്ത്രക്രിയകൂടി ആവശ്യമായിവന്നു. അന്നു രാവിലെ ഫാദർ സ്ഫിലിംബെർഗ്ഗ് പാദുവായിൽ എത്തി മറിയയുടെ മുറിയിൽ ദിവ്യപൂജ അർപ്പിച്ചു. ഈശോ തൻെറ ആ വാത്സല്യപുത്രിക്കു സഹനവരം പ്രദാനം ചെയ്യുന്നതിന് അവളുടെ സമീപേ എഴുന്നരുളി. ക്രൂശിതരൂപം കയ്യിൽ മുറുകെ പിടിച്ചുകൊണ്ടു മറിയം വീരോചിതമായ ധീരതയോടെ സ്വശരീരത്തിൽ ശസ്ത്രപ്രയോഗമനുവദിച്ചു. സഹനം അവൾക്കു സന്തോഷമായി പരിണമിച്ചിരിക്കുന്നു.

ഈ ദിവസങ്ങളിൽ ആ ഭക്തബാലിക സ്വാത്മഗുരുവായി ആരെ തിരഞ്ഞെടുക്കണമെന്ന് അറിയുന്നതിനായി പരിശുദ്ധാത്മാവിയുടെ നൊവേന ആരംഭിക്കുകയും പ്രാർത്ഥന ദ്വിഗുണീഭവിപ്പിക്കുകയും ചെയ്തു. അ

തിൻെറ ഫലമായി ഫാദർ റോസിയെ ആത്മപരിപാലകനായി ലഭിച്ചു. അദ്ദേഹം അവളെ പരിപൂർണ്ണതയിലേയ്ക്കു് ആനയിക്കുകയും, പ്രേഷകവൃത്തിയിൽ അവൾക്കു തീക്ഷ്ണത ഉല്പാദിപ്പിക്കുകയും ചെയ്തു.

പുതിയ ആത്മഗുരുവിനെക്കുറിച്ചു് ആ മനസ്വിനി ഫാദർ സ്ഫിലിംബെർഗ്ഗിന് എഴുതുന്നു: "അദ്ദേഹം ഹൃദയസ്പൃക്കാംവണ്ണം സംസാരിക്കുന്നു; ആ വന്ദ്യൻെറ സംഭാഷണം കേട്ടുകൊണ്ടിരിക്കുന്നതു് എനിക്കു് ആഹ്ളാദപ്രദമാണു്. എൻെറ ചെറുകിടക്കയിൽ കിടന്നു്, ആത്മരക്ഷാർത്ഥം എൻെറ വേദനകളെ നിരന്തരം ഈശോയ്ക്കു സമർപ്പിച്ചുകൊണ്ടു്, എനിക്കു് ഒരു അപ്പോസ്തോലയാകാമെന്നു് അദ്ദേഹം ഉപദേശിക്കുന്നു. ഇപ്പോൾ എനിക്കു വേദനയേക്കാൾ ക്ഷീണമാണു് അധികം. അതും—എനിക്കു സ്വന്തമായി ഒന്നും സൂക്ഷിപ്പാൻ ഇഷ്ടമില്ല—ഞാൻ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുന്നു.

"എൻെറ ശയ്യാപാർശ്വത്തിലെ ബലിപീഠവും, എനിക്കുവേണ്ടിമാത്രം അവിടെ സന്നിഹിതനായ–തിരുവോസ്തിയിൽ ദൈവത്വം മറച്ചു് എഴുന്നെള്ളിയ–ഈശോയും എൻെറ ആത്മദൃഷ്ടിക്കു സദാ ഗോചരമാകുന്നുണ്ടു്. ആ സ്വർഗ്ഗീയ പ്രഭാതത്തിൻെറ സ്മരണ നിലനിർത്തുന്നതിനും ഞാൻ ദൈവഹിതത്തിനു പൂർണ്ണബലിയാകുന്നതിനും വേണ്ടി, കൃതജ്ഞതാസൂചകമായി ഒരു ദിവ്യപൂജ സമർപ്പിക്കേണമേ."

ഒരു സായാഹ്നത്തിൽ മറിയയുടെ സഹോദരൻ ഒരു മിഷ്യനറീമാസിക കൊണ്ടുവന്നു. അതിൽ അൽബേനിയാ പ്രേഷിതസംഘത്തിൻെറ ആവശ്യാർത്ഥം ഒരു ധ

നാഭ്യർത്ഥന കണ്ടു. എല്ലാദിവസവും ഒരു വണ്ടിയിൽ വെളിംപ്രദേശത്തു സവാരിപോവുക പതിവുണ്ടായിരുന്ന മറിയം പിറേറദിവസം നടന്നുപോകുവാൻ നിശ്ചയിച്ചു. നടന്നാൽ ക്ഷീണം വൎദ്ധിക്കുകയില്ലേയെന്ന് അമ്മ തടഞ്ഞപ്പോൾ, "സാധുക്കളായ അൽബേനിയാക്കാൎക്കു വേണ്ടി അല്പം പണം ശേഖരിക്കുവനായി ഞാൻ നടക്കുന്നു; അതിനാൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള വണ്ടിക്കൂലി അമ്മ എനിക്കു തരണം" എന്നാണ് ആ ധീരബാലിക പ്രതിവചിച്ചത്. മറിയയുടെ അമ്മ അതു സമ്മതിക്കുകയുംചെയ്തു.

ലോകരക്ഷകൻെറ പിറവിത്തിരുനാൾ അടുത്തു. മറിയയുടെ അന്തൎദൃഷ്ടി ബത്‌ലഹേമിൽ, ദൈവസ്നേഹം മൂൎത്തിമത്തായി അവതരിച്ച ആ പ്രശാന്തഭൂവിൽ, കന്യകാമറിയത്തിൻെറ ഹസ്തസ്ഥിതനായ ദിവ്യഉണ്ണിയുടെ നേൎക്കു തിരിഞ്ഞു. പുണ്യം, ത്യാഗം, സ്നേഹം ആദിയായ ഉജ്ജ്വലകുസുമങ്ങളാൽ അലംകൃതമായ ഒരു ശിശുഗേഹം നിൎമ്മിക്കുന്നതിനു മറിയം ബദ്ധപ്പെട്ടു. ഹീനമായ കാലിക്കൂടിനു പകരം ഒരു രാജകീയമണ്ഡപവും, പരുപരുത്ത വയ്ക്കോലിനുപകരം സുരഭിലകുസുമദളപരിവേഷ്ടിതവും നിൎമ്മല സ്നേഹവിശ്വാസ പരിപൂരിതവുമായ ഒരു ഉപധാനവും ഒരു നിൎമ്മലപൎയ്യങ്കത്തിൽ സജ്ജീകരിക്കുന്നതിന് അവൾ നിശ്ചയിച്ചു. ഈ പള്ളിയറ മറിയയുടെ പാവനഹൃദയമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

അൎദ്ധരാത്രിക്കുള്ള ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനു മറിയം അതിയായി ആഗ്രഹിച്ചു. ഭാഗ്യവശാൽ

നിശാന്തരീക്ഷം അനുകൂലവും സുഖപ്രദവുമായിരുന്നതി നാൽ, ആ സാഹസശീല "കൃപാസാഗരമായ ഈശോ എൻെറ അഭീഷ്ടം സാധിച്ചു" എന്നു പറഞ്ഞുകൊണ്ടു ദേവാലയത്തിൽ പോയി ദിവ്യഉണ്ണിയുടെ തൃപ്പാദങ്ങളിൽ സ്വയം പരിപൂർണ്ണമായി സമർപ്പിച്ചു. മറിയയുടെ ഉള്ളിൽ അനവദ്യമായ ശാന്തിയും സമാധാനവുമുണ്ടായി. കാൽവരിയിലേയ്ക്കുള്ള അവളുടെ അന്ത്യാരോഹണഘട്ടത്തിൽ ഉണ്ണിയീശോ അവൾക്ക് ആവശ്യമായ ആത്മശക്തി പ്രദാനംചെയ്തു.

ഡിസംബർ 31-ാനു- ഡയറിയിൽ എഴുതിയിരിക്കുന്നതു നോക്കുക: "ഒരു കൊല്ലം ഇതാ അവസാനിക്കുന്നു. ക്രൂരത്ത മുള്ളുകൊണ്ടു പൊതിഞ്ഞ പല റോസപ്പുഷ്പങ്ങളും ഇക്കൊല്ലം എനിക്കു സമ്മാനിക്കുവാൻ ഈശോ തിരുമനസ്സായി. ഒരു റോസപ്പുഷ്പം സകലക്ലേശങ്ങളേയും പരിഹരിക്കത്തക്കതാകയാൽ മുള്ളുകളേക്കാൾ പുഷ്പങ്ങൾ അധികരിച്ചിരുന്നെന്നു പറയാം. ഈശോയ്ക്കു നമസ്കാരം!"

മറിയയുടെ ശരീരസ്വാസ്ഥ്യം കുറേ ദിവസത്തേയ്ക്കു നീണ്ടുനിന്നു. വളരെക്കാലമായി പൂട്ടപ്പെട്ടിരുന്നപിയാനോ, മറിയയുടെ നിപുണമായ അംഗുലീസ്പർശത്താൽ മുഖരിതമായി. നിർജ്ജീവമായിരുന്ന ആ ഭവനത്തിൽ ഗാനമേളധ്വനികൾ മാറെറാലിക്കൊണ്ടു. അനുദിനം വിശുദ്ധകുർബാന സ്വീകരിക്കുന്നതിന് ആ ഭക്തബാലിക ആഗ്രഹിച്ചു; ഉപവസിക്കുന്നതിന് അവൾക്കു ശക്തിയില്ലായിരുന്നതിനാൽ പരിശുദ്ധപിതാവിൽനിന്നു പ്രത്യേക അനുവാദം വാങ്ങി, അല്പം വല്ലതും കഴിച്ചശേഷ

മാണു ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നതു്. മറിയം ആനന്ദഭരിതയായി. "ഈശോ പരമദിവ്യവരങ്ങളാൽ എന്നെ സമ്പൂർണ്ണയാക്കി. ഹാ! ഈശോ എന്നിൽ എഴു ന്നെള്ളി വസിക്കുമ്പോൾ എനിക്കു യാതൊരു ഭയവുമി ല്ല" എന്നു് അവൾ പറഞ്ഞിരുന്നു. ഈ വാക്കുകൾ ഹൃ ദയം വഴിഞ്ഞൊഴുകുന്ന കൃതജ്ഞതയുടെ ഒരു ക്ഷീണമായ പ്രതിഫലനം മാത്രമായിരുന്നു.

## X.

### ഉദാരപരിത്യാഗം.

വിളംബംവിനാ, മറിയം വീണ്ടും രോഗശയ്യാവലം ബിനിയായിതീൎന്നു. ക്ഷതചിത്തരായ പിതൃജനങ്ങളെ തന്റെ പുഞ്ചിരികൊണ്ടു സമാശ്വസിപ്പിക്കുന്നതിനു് ആ ധീരപുത്രി ആവുംവിധം ശ്രമിച്ചുകൊണ്ടിരുന്നു. രണ്ടു ശസ്ത്രക്രിയകൾകൂടെ വേണ്ടിവന്നു. ഈ നവീന പരീക്ഷണത്തിനു് ആ കുഞ്ഞിനെ ഒരുക്കുവാനായി ഫാ ദർ റോസി ജനുവരി 29-ാംനു- അവളെ സന്ദൎശിച്ചു. "ഈശോയ്ക്കുവേണ്ടി നീ ഇനിയും സഹിക്കണമെന്നു് അ വിടുന്നു് ഇഷ്ടപ്പെടുന്നു." മറിയം സുസ്മേരവദനയായി അദ്ദേഹത്തെ നോക്കി. "കുരിശിലെ കഷ്ടാനുഭവത്തിൽ നീയും അല്പനേരത്തേയ്ക്കു ഭാഗഭാക്കാകുകയും ആത്മര ക്ഷണാൎത്ഥം കുറച്ചു രക്തം ചൊരിയുകയും വേണമെ ന്നു് അവിടുന്നു് ആഗ്രഹിക്കുന്നു." "ഞാൻ പീഡകൾ സഹിക്കുന്നതിനു് ഇഷ്ടപ്പെടുന്നു; ഈശോയുടെ ഹിതാ

നവത്തിനിയാകുന്നതിനുമാത്രം ഞാൻ കാംക്ഷിക്കുന്നു" ന്നു് അവൾ പ്രതിവചിച്ചു.

അടുത്തദിവസം രാവിലെ ഫാദർ റോസി ആ ഭക്തബാലികയ്ക്കു വിശുദ്ധ കുർബ്ബാന എഴുന്നെള്ളിച്ചു കൊടുത്തു. ഉച്ചതിരിഞ്ഞു്, ഡോക്ടർവന്നു മുൻപിലത്തെ പ്പോലെതന്നെ ക്ലോറഫോം കൂടാതെ ശസ്ത്രക്രിയ നടത്തി. മറിയയുടെ പിതാവു മനോവ്യഥ കഴിയുന്നത്ര അടക്കിക്കൊണ്ടു് അവളുടെ മുറിയിൽ കടന്നു് ആ വത്സയുടെ വിളറിയ നെററിത്തടത്തിൽ ചുംബിച്ചു്, "നിൻെറ വിചാരങ്ങൾ ഉന്നതങ്ങളിലേക്കായിരിക്കട്ടേ" എന്നു് ഉപദേശിച്ചു. വാത്സല്യപിതാവിൻെറ അപാരദുഃഖം ഗ്രഹിച്ച മറിയം തൻെറ കുരിശുരൂപം കാണിച്ചു്, "അപ്പൻ ഭയപ്പെടേണ്ട, ഇവിടെനിന്നു പൊയ്ക്കൊള്ളുക", എന്നുപറഞ്ഞു. കുട്ടിയുടെ അവശതകണ്ടു്, ബോധംകെടുത്താതെ ശസ്ത്രക്രിയ ചെയ്യാമോ എന്നു ഡോക്ടർക്കുപോലും ശങ്കയുണ്ടാകാതിരുന്നില്ല. എന്നാൽ മറിയം കുരിശുരൂപം മാറോടണച്ചു്, അമാനുഷികധീരതയോടെ, ഡോക്ടരെ വിസ്മയപരതന്ത്രനാക്കുമാറു് ആ കഠിനക്ലേശവും സഹിച്ചു.

ശസ്ത്രക്രിയയുടെശേഷം, സദാ തൻെറ അടുത്തിരുന്നു തീവ്രവേദനയനുഭവിച്ച അമ്മയോടു് അവൾ പറഞ്ഞു: "ഈശോ എത്ര കരുണാസമ്പൂർണ്ണൻ!! ഈ വേദന സഹിക്കുന്നതിനുവേണ്ട ആത്മശക്തി അവിടുന്നു നമുക്കു നൽകി. നാം രണ്ടുപേരുംകൂടി ഈശോയെ കൃതജ്ഞതാപുരസ്സരം സ്തുതിക്കണം." തൽപരം ആ മുറിയിലെ ഏകാന്തതയിൽ രണ്ടു നിർമ്മലാത്മാക്കൾ സ്നേഹാമൃ

തന്നിഷ്യന്ദികളായ സ്തോത്രഗണങ്ങളാൽ സൎവ്വേശ്വരനെ വാഴ്ത്തി.

"ഈശോ കുരിശിൽ തൂങ്ങി അനുഭവിച്ച അപാരമായ വേദനയോടു താരതമ്യപ്പെടുത്തുമ്പോൾ എന്റെ പീഡകൾ എത്ര നിസ്സാരം. സാന്ത്വനമധുരോക്തികളാൽ എന്നെ സമാശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനും അമ്മ എന്റെ സമീപെ നിന്നിരുന്നു. ഈശോയ്ക്കു പരിഹാസങ്ങളും ദൈവദൂഷണങ്ങളുമാകുന്ന ഉപചാരങ്ങളാണു ലഭിച്ചതു്" എന്നിങ്ങനെ ആ ദിവസം മറിയം തന്റെ ഡയറിയിൽ എഴുതിയിരിക്കുന്നു.

ശസ്ത്രക്രിയയുടെശേഷം ഒരേനിലയിൽ അനങ്ങാതെ വളരെദിവസം കിടക്കേണ്ടിവന്നു. ഇതു ദുഷ്കരമായിരുന്നെങ്കിലും ദുഃഖം മറിയയ്ക്കു സ്വൎഗ്ഗാനുഭവമായി മാറിയിരുന്നതിനാൽ, സന്ദൎശകരുടെ ഉള്ളം കുളുൎപ്പിക്കുന്ന ഒരു ഗംഭീരശാന്തത ആ രോഗപീഡിതയായ ബാലികയുടെ വദനബിംബത്തിൽ പരിലസിച്ചിരുന്നു. പുണ്യപൂൎണ്ണതാലബ്ധിക്കുള്ള "കുറുക്കുവഴി" സ്നേഹത്തിന്റെ വഴിയാണെന്നും, സ്നേഹിക്കുന്നതിനു സഹനം ത്യാഗം മുതലായവ ആവശ്യമാണെന്നും ലിസിയോയിലെ ചെറുപുഷ്പത്തിൽനിന്നു ഗ്രഹിച്ചിരുന്ന നമ്മുടെ വീരബാലിക ശരീരക്ലേശങ്ങളെ അനൎഘരത്നങ്ങളായി ഗണിച്ചു.

സാദ്ധ്യായദിവസങ്ങളിൽ അമ്മ സ്കൂളിൽപോകുമ്പോൾ മറിയം വീട്ടിൽ തനിച്ചിരിക്കേണ്ടിയിരുന്നു. പകൽ മുഴുവനും അവളെ പിരിഞ്ഞിരിക്കുന്നതിൽ അമ്മയ്ക്കുള്ള വൈഷമ്യം കണ്ടു് ആ ബാലിക പറയുന്നു: "അമ്മ പൊയ്ക്കൊള്ളുക; ഈശോ സദാ എന്നോടുകൂടിയു

ണ്ട്. ലോകമെങ്ങും സമപ്പ്ിക്കപ്പെടുന്ന ദിവ്യബലിക ളോടുകൂടി ഞാൻ ആത്മീയമായി യോജിച്ച്, പാപിക ളുടെ മാനസാന്തരത്തിനായി നിത്യപിതാവിന് അവ യെ സമപ്പ്ിക്കുകയും, മനുഷ്യർ അനുഭവിക്കുന്ന സകല ക്ലേശങ്ങളും ചെയ്യുന്ന സകല സൽകമ്മങ്ങളും ധാമ്മി കരുടെ സകല പാവനാഗ്രഹങ്ങളും സ്നേഹപ്രവാഹങ്ങ ളുമെല്ലാം ഈശോയുടെ ചരണയുഗങ്ങളിൽ ശേഖരിക്കു കയും ചെയ്യും. തന്മൂലം ഈശോ സംപ്രീതനാകുന്നു. ഞാൻ ഈശോയോടു പലതും പറയും. അങ്ങനെ സമ യം അതിവേഗം കഴിഞ്ഞുപൊയ്ക്കൊള്ളും".

ദൈവസാന്നിദ്ധ്യബോധത്തിനു വിഘാതമാകുന്ന സന്ദശകരെ മറിയം കാംക്ഷിച്ചിരുന്നില്ല. ഫാദർ റോ സിയുടെ ആഗമനവും ഈശോയുടെ സ്നേഹത്തെക്കുറിച്ചു ള്ള ഉപദേശങ്ങളും ദിവ്യമായ അമൃതവൃഷ്ടിയാലെന്ന പോലെ ആ സഹനശീലയുടെ മനം കുളിപ്പിച്ചു. ത ന്റെ ആത്മീയാനുഭവങ്ങളും അന്തസ്സന്തുഷ്ടിയും എല്ലാം അവൾ അമ്മയെ യഥാകാലം അറിയിച്ചുവന്നതുനിമി ത്തം ഈശോയുമായുള്ള സഹവാസത്തിനു പ്രതിബ ന്ധമാകുന്ന സന്ദശനങ്ങൾ അനുവദിക്കരുതെന്ന് ആവ ശ്യപ്പെട്ടു. ആ ധന്യബാലിക അധികസമയവും ഏകാ ന്തധ്യാനത്തിൽ ലയിച്ച്, ഈശോയോട് ഏററമേററം ഐക്യമാകുന്നതിനുമാത്രം ആഗ്രഹിച്ചു. ഈശോയെ അറിയാതെയും സ്നേഹിക്കാതെയും പാപംചെയ്തു ജീവി ക്കുന്നവക്കുവേണ്ടി സ്വജീവനെ ബലി അപ്പ്ിക്കുവാനും ഈശോയോടുകൂടി ക്രൂശിക്കപ്പെടുവാനും മറിയം തയാ റായിരുന്നു.

# XI.

## കന്യാവ്രതവാഗ്ദാനം.

ശൈശവാമുതല്ക്കുതന്നെ മറിയയിൽ അങ്കുരിച്ച പരിശുദ്ധകന്യകാഭക്തി നാൾതോറും പ്രവൃദ്ധമായിവന്നു. "എപ്പോഴും സ്വർഗ്ഗീയമാതാവിൻെറ അടുത്തുചേർന്നു നില്ക്കുന്നതിന്നു ഞാൻ ആഗ്രഹിക്കുന്നു. ആ അമ്മ ഈശോയെ പ്രസാദിപ്പിക്കേണ്ടവിധം എന്നെ പഠിപ്പിക്കും" എന്നു മറിയം ശിശുതുല്യമായ നിഷ്കപടതയോടെ പറഞ്ഞുവന്നിരുന്നു. ഫെബ്രുവരി 11-ാംനു- ലൂർദ്ദ്മാതാവിൻെറ തിരുനാളിൽ, ആത്മഗുരുവായ ഫാദർ റോസിയുടെ ആനുകൂല്യത്തോടുകൂടി മറിയം കന്യാവ്രതവാഗ്ദാനം ചെയ്തു, ദേവമാതാവിൻെറ തൃക്കരങ്ങൾവഴി സ്വയം ഈശോയ്ക്കു സമർപ്പിച്ചു. അന്നു നമ്മുടെ കഥാനായിക അനുഭവിച്ച ആനന്ദവും, ദിവ്യമണവാളനിൽനിന്നു ലഭിച്ച അനഘവരങ്ങളും വർണ്ണിപ്പാൻ അസാധ്യം! ദുരന്തക്ലേശമദ്ധ്യേ അവളുടെ മുഖത്തു വിളയാടിയ നിതാന്തമന്ദഹാസവും സ്നേഹോജ്വലനയനങ്ങളും ആ ദിവ്യബാലികയുടെ അന്തർവിഭൂതിയെ വെളിപ്പെടുത്തി.

ദിവസവും മുറിവുകൾ രണ്ടും കഴുകി മരുന്നുവച്ചു കെട്ടുമ്പോഴുണ്ടാകുന്ന ദുസ്സഹവേദനകൂടാതെ, ശ്വാസംമുട്ടലും അതിയായ തളർച്ചയും മറിയയെ വല്ലാതെ വിഷമിപ്പിച്ചു. ചിലപ്പോൾ നാഡിയടി നൂററിനാല്പതുവരെ വർദ്ധിച്ചു. വേദനയും വിമ്മലും അല്പം ശമിക്കുമ്പോൾ ആ വീരവ്രത വേദപുസ്തകവും ക്രിസ്ത്വാനുകരണവും വാ

യിച്ച് ആത്മപരിപോഷണം നേടി.

ഒരിക്കൽ സന്ദർശകരിൽ ഒരാൾ തിരിയുകയും മറിയുകയും ചെയ്യാതെ ഇത്രനാൾ കിടന്നിട്ടും വിഷമം തോന്നുന്നില്ലേ എന്നു ചോദിച്ചതിനു മറിയം പറഞ്ഞ മറുപടി ഇതാണ്: "കഴിഞ്ഞദിവസങ്ങൾ ഞാൻ ഗണിക്കുന്നില്ല. ഓരോ ദിവസവും രാവിലെ അന്നത്തേയ്ക്കു മാത്രം കിടന്നു കഷ്ടപ്പെടുന്നതിന് എന്റെ ആത്മനാഥൻ ആവശ്യപ്പെടുന്നു എന്നു വിചാരിക്കും. ഒരു ദിവസം ഈശോയ്ക്കുവേണ്ടി കഷ്ടതയനുഭവിക്കുന്നതിനു ഞാൻ മടിക്കുകയില്ല".

എഴുന്നേററു നടക്കാറായ ഉടനെ മറിയം ഫാദർ സ്ഫിലിംബെർഗ്ഗിന് ഒരു കത്തെഴുതി. പലദിവസങ്ങൾ കൊണ്ടു പൂർത്തിയാക്കിയ ആ ലിഖിതത്തിൽ ആ പുണ്യബാലികയുടെ ആത്മസ്ഥിതി സ്പഷ്ടമായി പ്രകാശിതമായിട്ടുണ്ട്.

"ജനവരി 23-ാംനു- എനിക്കു സുഖക്കേടു തുടങ്ങി; അന്നുമുതൽ ഈശോ ദിവ്യവരങ്ങളാൽ എന്നെ ധന്യയാക്കി. ഒരു മാസത്തിൽ പത്തുപ്രാവശ്യം അവിടുന്ന് എന്റെ ചെറിയ മുറിയിൽ എഴുന്നെള്ളിവന്ന് ഏററവും ദുസ്സഹവേദന സഹിക്കുന്നതിനു വേണ്ട ആത്മബലം നൽകി എന്നെ സഹായിച്ചു.

"ഞാൻ ബലിക്കായി തിരഞ്ഞെടുക്കപ്പെട്ട ഈശോയുടെ കുഞ്ഞാടാകുന്നു. ഞാൻ ഈശോയുടെ കരതലങ്ങളിൽ എന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് 'അങ്ങേ ഹിതാനുസരണം എന്തെങ്കിലും എന്നെക്കൊണ്ടു ചെയ്യാലും' എന്ന് ആവർത്തിച്ചു പറയാറുണ്ട്. ഫാദർ

റോസി എന്നെ 'ഈശോയുടെ കൊച്ചുമറിയം' എന്നു വിളിക്കുന്നു; അതു് എനിക്കു സന്തോഷാവഹമാണ്. മർദ്ദിക്കപ്പെടുവാനായി ഈശോയുടെ തൃക്കരങ്ങളിൽ സമർപ്പിതമായ ഒരു മുന്തിരിക്കുലയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു് ഏററവും സൌഭാഗ്യകരമായ ഒരവസ്ഥയല്ലയോ?

"ഒരു ദിവസം വിശുദ്ധകുബ്ബാന സ്വീകരിച്ചുകഴിഞ്ഞപ്പോൾ 'സുഖമോ അസുഖമോ ഏതെങ്കിലും നിനക്കിഷ്ടമുള്ളതു നൽകുവാൻ തിരുമനസ്സായി ഈശോ നിൻെറ അടുത്തു സ്ഥിതിചെയ്യുന്നു; നീ എന്താഗ്രഹിക്കുന്നു' എന്നു ഫാദർ റോസി ചോദിച്ചു. 'അസുഖം' ഞാൻ വരിച്ചു. ശാശ്വതമായ സ്വർഗ്ഗാനന്ദത്തോടു തുലനംചെയ്യുമ്പോൾ ഐഹികക്ലേശങ്ങൾ എത്ര തുഛം!! വേദന വേഗം കഴിഞ്ഞുപോകുന്നു. ആനന്ദം എന്നെന്നേയ്ക്കും നിലനില്ക്കുന്നു.

"ഫെബ്രുവരി 11-ാംനു-, പരിശുദ്ധകന്യക ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട പ്രഖ്യാതദിനത്തിൽ, ഞാൻ കന്യാവ്രതം വാഗ്ദാനംചെയ്തു് ആ പരിശുദ്ധമാതാവിൻെറ സംരക്ഷണയിൽ എന്നെത്തന്നെ പൂർണ്ണമായി ഭരമേല്പിച്ചു. ഞാൻ ഇപ്പോൾ മറിയയുടെ പുത്രിയും ഈശോയുടെ കുഞ്ഞാടുമാണ്. ദൈവമാതാവിൻെറ പരിപാലനയ്ക്കു വിധേയയായ എനിക്കു യാതൊന്നും ഭയപ്പെടേണ്ടതില്ല.

"എന്നാൽ, ഈശോയിൽനിന്നും പരിശുദ്ധമാതാവിൽനിന്നും അനവരതം ലഭിച്ചുകൊണ്ടിരിക്കുന്ന നിരവധി ദിവ്യദാനങ്ങൾക്കു ഞാൻ അർഹയാകുന്നതിനും അ

വയോട്ട് അനുക്രൂലിക്കുന്നതിനും, എൻെറ ആത്മഗുരുവി
ൻെറ നിരന്തരപ്രാൎത്ഥന ആവശ്യമാണ്".

## XII.

### അന്ത്യഘട്ടം.

മറിയയുടെ രോഗം പെട്ടെന്ന് അതിൻെറ മൂൎദ്ധന്യദശയിലെത്തി. സുഖാസുഖങ്ങളെ ഒരേനിലയിൽ ഗണിച്ചിരുന്ന നമ്മുടെ വീരനായിക സകല നന്മകൾക്കുംവേണ്ടി ഈശോയോടു നന്ദിപറയുകയും, "ഞാൻ ആത്മാക്കളുടെ രക്ഷയ്ക്കായുള്ള ഒരു ചെറുബലിയാകുന്നുവെന്ന് അവിടുന്ന് ഓൎക്കണമേ" എന്നു പലപ്പോഴും ആവൎത്തിക്കുകയും ചെയ്തു. രോഗം ക്രൂരക്രൂടെ കലശലാവുകയും കുറയുകയും ചെയ്തുവന്നു. ശയ്യാവലംബിനിയായ ആ കോമളവല്ലി എഴുന്നേററ് അല്പം നടക്കുമ്പോൾ, ആ കുടുംബാംഗങ്ങളേവരും പ്രസന്നചിത്തരായിത്തീൎന്നിരുന്നു.

ഒരു ദുഃഖവെള്ളിയാഴ്ച ജാതയായ മറിയം ഈ ലോകത്തിലെ അവളുടെ അവസാനദുഃഖവെള്ളിയാഴ്ച ദിവസം കാൽവരിയിൽ ഈശോ അനുഭവിച്ച ദുരിതങ്ങളിൽ ഭാഗഭാക്കായി. ശാരീരികമായി മാത്രമല്ല, ആത്മീയമായും അവൾ കുഴങ്ങി. ആശയങ്ങൾ അവ്യക്തങ്ങളായി; അന്ത്യം അടുത്തുവെന്ന് അവൾക്കു തോന്നി. അമ്മയോട്ട് എന്തോ സംസാരിക്കുന്നതിനു തുടങ്ങി; പക്ഷേ സാധിച്ചില്ല. അവൎണ്ണനീയവും അനിയന്ത്രിതവുമായ ക്ലേശഭാരങ്ങളാൽ കണ്ണുകളിൽനിന്നു ബാഷ്പപ്രവാ

ഹമുണ്ടായി. സമീപവത്തിനിയായ മാതാവു് "ഈശോ യെ ഈശോയെ ഈ ദാരുണദുഃഖം അകററേണമേ" എന്നു് ഉള്ളഴിഞ്ഞു പ്രാത്ഥിച്ചു. ആത്മഗുരുവിൻെറ സാന്ത്വനവാക്കുകൾ മാത്രമേ ഈ അവസരത്തിൽ മറി യയുടെ ഉള്ളം കുളുപ്പിക്കുന്നതിനു പയ്യാപ്തമായുള്ളൂ. ഈ ശോയുടെ ചെറുബലിയായ അവളുടെ സഹനംമൂലം നിരവധി ആത്മാക്കൾ രക്ഷപ്രാപിക്കുമെന്നു് അദ്ദേഹം പറഞ്ഞു. മറിയയുടെ കണ്ണുകൾ തുറന്നു; പ്രകാശമാന മായി. അവൾ ഈശോയുടെ തിരുസ്വരൂപത്തിലേയ്ക്കു ദൃഷ്ടിയുറപ്പിച്ചു. ദുഃഖത്തിൻെറ നിഴൽ മാഞ്ഞു; ഹൃദയം പ്രശാന്തമായി. ഈശോ തൻെറ മുന്തിരിക്കുലയെ നല്ല വണ്ണം മട്ടിച്ചു; അവൾ ദൈവഹിതത്തിനു പൂണ്ണമായി കീഴ്വഴങ്ങി.

വൈകുന്നേരമായപ്പോൾ മറിയയ്ക്കു് അല്പം ആ ശ്വാസമുണ്ടായി. അവൾ പ്രിയജനങ്ങളെ നോക്കി പു ഞ്ചിരിതൂകി. ഹാ! പ്രേമപൂണ്ണവും ഹൃദയാവജ്ജകവു മായ ആ മന്ദസ്മിതത്തിൻെറ അനവദ്യമാധുയ്യം! മൃത്യുവ ക്ത്റത്തിൽനിന്നു തങ്ങളുടെ വത്സ മുക്തയായെന്നു കരു തി എല്ലാവരും അനഗ്ഗളമായ സ്നേഹഗീതങ്ങളാൽ സ വ്വേശ്വരനെ സ്തുതിച്ചു.

ഉയിപ്പുതിരുനാൾദിവസം സമാഗതമായി. ഈ മഹാമഹത്തിൻെറ മഹിമയെ ഘണ്ടാനാദം എല്ലായിട ത്തും ഉച്ചൈസ്തരം ഉൽഘോഷിച്ചു. ദുഃഖാഗ്നിയിൽ ഉരു ക്കി മാററുകൂട്ടിയ ആ തനിത്തങ്കം—ഈശോയുടെ ദാരുണ പീഡകളിൽ പങ്കെടുത്ത ആ ചെറുബലി—മട്ടിക്കപ്പെ ട്ടുന്നതിനായി ആത്മനാഥൻെറ ദിവ്യഹസ്തങ്ങളിൽ സമ

പ്പിതമായ മുന്തിരിക്കല—ദിവ്യസുന്ദരമായ മന്ദഹാസ ത്താൽ അന്നു പ്രേക്ഷകരെ ആനന്ദസാഗരത്തിൽ ആറാടിച്ചു. മറിയയുടെ ഹൃദയത്തിൽ പാവനപ്രേമത്തിൻെറ ഉജ്ജ്വലകാന്തി സർവ്വത്ര പ്രസരിച്ചു. സർവ്വക്ലേശങ്ങളും അത്ഭുതാവഹമായ പ്രശാന്തതയോടെ സഹിപ്പാനുള്ള ആത്മശക്തിയും നിസ്തുലപ്രഭാവവും അവളിൽ വൃദ്ധിപ്രാപിച്ചു. ആ മനസ്വിനിയുടെ ആത്മാവു സദാ സർവ്വേശനിൽ ലയിച്ചു. ഐഹികവിഷയങ്ങളൊന്നുംതന്നെ അവളെ രസിപ്പിച്ചില്ല. അവൾക്കു യാതൊരു ലൌകികാഭീഷ്ടങ്ങളുമില്ല. എന്തു കിട്ടിയാലും എല്ലാം നിഷ്പക്ഷബുദ്ധ്യാ സ്വീകരിക്കുകയും, ഏററം നിസ്സാരകാര്യങ്ങൾക്കുവേണ്ടിയും, ഹൃദയംഗമമായി കൃതജ്ഞതപ്രകടിപ്പിക്കുകയും ചെയ്യുന്നതിൽ അവൾ ഉൽസുകയായിരുന്നു.

മേയ് മാസം, ലോകൈകറാണിയായ ദൈവജനനിയുടെ മാസം, സമ്പ്രാപ്തമായി. മറിയം സദാ പരിശുദ്ധകന്യകാമറിയത്തെ നോക്കി "എൻെറ സ്വർഗ്ഗീയമാതാവേ! എന്നെ നിനക്കു തുല്യയാക്കേണമേ" എന്നു പ്രാർത്ഥിച്ചു. ഈ ലോകത്തിൽ, ഇനിമേൽ മേയ് മാസം ഭക്ത്യാഘോഷപൂർവ്വം കൊണ്ടാടുന്നതിന് അവസരം കിട്ടുകയില്ലെന്നറിഞ്ഞു് അവൾ അതിമനോജ്ഞവും സുരഭിലവുമായ ഒരു കുസുമമകുടം ആ ദിവ്യമാതാവിനുവേണ്ടി തയാറാക്കി. രാത്രികാലങ്ങളിൽ അസഹ്യമായ ചൂടും ശ്വാസം മുട്ടലും മൂലം അവൾക്കു് ഉറക്കമുണ്ടായിരുന്നില്ല.

ഫാദർ റോസി പലപ്പോഴും മറിയയ്ക്കു ദിവ്യകാരുണ്യമെഴുന്നെള്ളിച്ചു കൊടുത്തു; ഈശോയെ ഉൾക്കൊള്ളുമ്പോൾ സകല കഷ്ടതകളും അവൾ മറന്നു. 'രാത്രി ഏ

ങ്ങനെ കഴിച്ചു ?' എന്ന് ആത്മഗുരു ചോദിക്കുമ്പോൾ 'വളരെ നന്നായിരുന്നു' എന്നു മറുപടി പറയും. അനന്തരം അദ്ദേഹം "മ്ശിഹായുടെ ചെറുബലിയായിരിക്കുക ഏററം മഹത്വമേറിയ ഒരു സംഗതിയാണ്. നിന്റെ വീരോചിതമായ സഹനം നിരവധി ആത്മാക്കളെ ഈശോയുടെ ചരണാരവിന്ദങ്ങളിലേയ്ക്ക് ആനയിക്കുന്നു. നീ വലിയ പ്രാസംഗികന്മാരേക്കാൾ ലോകത്തിനു നന്മചെയ്യുന്നു" എന്നു തുടൎന്നുപറയും. ഈദൃശപ്രശംസകൊണ്ടു മറിയയ്ക്കു യാതൊരു ഭാവഭേദവുമുണ്ടായില്ല. വിനയമാകുന്ന അസ്ഥിവാരത്തിന്മേൽ പണിതിട്ടുള്ള പുണ്യസോപാനം ഇളകി വീഴുമെന്നു ഭയപ്പെടേണ്ടതില്ലല്ലോ. ഈ നിസ്തുലദാനങ്ങൾക്കു പ്രതിനന്ദിയായി അവൾ ഈശോയെ സ്തുതിച്ചു പുകഴ്ത്തി.

ഫാദർ റോസി:- സഹിക്കുന്നതിൽ നിനക്ക് അലംഭാവമുണ്ടോ ?

മറിയം:- ഈശോയ്ക്കു പ്രസാദകരമായ എന്തും ചെയ്യാൻ ഞാൻ സന്നദ്ധയാണ്. രക്ഷകന്റെ ഹിതമാചരിക്കുക എത്ര എളുപ്പം ? നമ്മേത്തന്നെ പൂൎണ്ണമായി അവിടുത്തെ തൃക്കരങ്ങളിൽ സമൎപ്പിച്ചാൽ മതി. അപ്പോൾ നമ്മുടെ ഭയാശങ്കാദിക്ലേശങ്ങളെല്ലാം ദ്രവിച്ചുപോകും.

പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു തയാറാകുന്ന ചില കുട്ടികൾ അവൎക്കുവേണ്ടി പ്രാൎത്ഥിക്കണമെന്ന് അഭ്യൎത്ഥിച്ചുകൊണ്ടു മറിയയ്ക്ക് ഒരു കത്ത് എഴുതി. "ആത്മാക്കളുടെ ഈ ഐക്യം എത്ര ഹൃദ്യം" എന്നു പറഞ്ഞു, അവൾ, ദിവ്യവരങ്ങൾ നൽകി ഈശോ അവരെ

അനുഗ്രഹിക്കുന്നതിനായി പ്രാൎത്ഥിക്കുകയും, പല ത്യാഗങ്ങൾ സഹിക്കുകയും ചെയ്തുതുക്കൂടാതെ ആ ശുഭദിനത്തിൽ അവൾക്കു മംഗളമാശംസിച്ചു് ഒരു മറുകത്തു് അയയ്ക്കുകയും ചെയ്തു.

മറിയയുടെ വീട്ടിൽ 20 വൎഷം ഭൃത്യജോലിചെയ്തുനിന്ന ഒരു സ്ത്രീയുടെ വാത്സല്യഭാജനമായ കുട്ടി ആകസ്മികമായി മൃതിയടഞ്ഞു. അവൾ അത്യധികം വിലപിക്കുന്നതുകണ്ടു് അവളെ ആശ്വസിപ്പിക്കുന്നതിലുള്ള ശ്രമത്തിൽ മറിയം സ്വക്ലേശം മറന്നു. "കരയാതിരിക്കു; അവൻ ഇപ്പോൾ സ്വൎഗ്ഗത്തിലെ മാലാഖയാണു്. അവന്റെ ഓൎമ്മ നിലനിൎത്തുന്നതിനുവേണ്ടി നിങ്ങൾ ഒരു അനാഥശിശുവിനെ വാങ്ങി അവന്റെ പേരിട്ടു വളൎത്തുക" എന്നു പറഞ്ഞു. അവർ ആ ഉപദേശം സ്വീകരിക്കുകയും മറിയം ആത്മരക്ഷാലാഭത്താൽ അതിസന്തുഷ്ടയാവുകയും ചെയ്തു.

അനുസ്യൂതം ത്യാഗമനുഷ്ഠിക്കുന്ന പതിവു് ഈ അന്ത്യവേളയിലും മറിയം ഉപേക്ഷിച്ചില്ല. ഉഷ്ണാധിക്യം നിമിത്തം വിയൎപ്പുകൊണ്ടു നനഞ്ഞ വിരിപ്പും കിടക്കയും പലപ്രാവശ്യം മാറേറണ്ടിവന്ന ഒരു രാത്രിയിൽ, വിളക്കിന്റെ പ്രകാശം അവളുടെ മുഖത്തു തട്ടുന്നതു് അസുഖകരമെന്നുകണ്ടു് അതു മാററിവയ്ക്കട്ടയോയെന്നു പരിചാരിക ചോദിച്ചപ്പോൾ, "ഓ! വേണ്ട! അതു് എനിക്കിഷ്ടമാണു്" എന്നാണു് അവൾ പറഞ്ഞതു്. എന്നാൽ പിന്നീടു വിളക്കു മാററിവച്ചപ്പോൾ അവൾക്കു് ആശ്വാസമുണ്ടായി.

സോഫയിൽ എഴുന്നേററിരിക്കുന്നതിനു സാധിക്കു

ന്ന അവസരങ്ങളിൽ സമയം വൃഥാ കളയാതിരിക്കാനാ യി അവൾ അല്പം വല്ലതും തുന്നിക്കൊണ്ടിരിക്കും. ഒരി ക്കൽ, "കാലുവയ്ക്കുന്നതിന് ഒരു സ്റൂൾ കൊണ്ടുവര ട്ടേ?" എന്ന് ആരോ ചോദിച്ചു. ഉടനെ അവൾ "എനിക്ക് ഇങ്ങിനെ ഇരിക്കുന്നതാണു സുഖം" എന്നു പറഞ്ഞു. അടുത്തക്ഷണംതന്നെ മുറിയിൽവന്ന അവളുടെ അപ്പൻ ഒരു ഉപധാനമെടുത്ത് അതിന്മേൽ കാലുവെപ്പിച്ചു. "അപ്പന്റെ പണി കണ്ടില്ലേ" എന്നു പറഞ്ഞ് അ വൾ കൃതജ്ഞതാസൂചകമായി മന്ദഹസിച്ചു.

അധികവേദനയുണ്ടാകുന്ന ഒരു കുത്തിവയ്പു കഴി ഞ്ഞ് അല്പം ബ്രാണ്ടി കുടിക്കാൻ കൊടുത്തപ്പോൾ അതു പേക്ഷിച്ചു പച്ചവെള്ളമാണ് അവൾ വാങ്ങികുടിച്ചത്.

ആത്മഗുരുവിന്റെ എഴുത്തു കിട്ടി; അതു വായിക്കു ന്നതിന് അടക്കാവതല്ലാത്ത ആഗ്രഹം ഉണ്ടായിരുന്നിട്ടും കുറേ മണിക്കൂറുകൾക്കുശേഷമേ, ആ ത്യാഗിവര്യ അതു വായിച്ചുള്ളു.

കൌമാരംമുതൽ രോഗാതുരയായി ദുരന്തക്ലേശങ്ങൾ സഹിച്ച നമ്മുടെ വീരനായിക ശ്വാസംമുട്ടൽ മൂലമുള്ള അസഹനീയവേദനയും, ഉഷ്ണവുംനിമിത്തം കഷ്ടപ്പെട്ട പ്പോൾ ഒരിക്കൽ—ഒരിക്കൽമാത്രം—"ഹാ! എനിക്ക് ഇനിയും സഹിക്കാൻ വഹിയാ" എന്നു കണ്ണുനീരൊഴു ക്കിക്കൊണ്ട് ഉച്ചരിച്ചുപോയി. പക്ഷേ തൽക്ഷണം "ഈശോയെ! ഈശോയെ, ക്ഷമിക്കേണമേ. ഞാൻ അ തു പറഞ്ഞതിൽ ഖേദിക്കുന്നു" എന്നു മാപ്പിരന്നു. അമ്മ അവളെ ആശ്വസിപ്പിക്കുന്നതിനു ബദ്ധപ്പെട്ട്, "കുഞ്ഞേ! നിന്റെ ബലഹീനതകൊണ്ടു നീ കരയുന്നു; എന്നാൽ

ഈശോയെ നോക്കുക. കൂടുതൽ സഹിക്കുന്നതിനുള്ള ശക്തി അവിടുന്നു നൽകും" എന്നു പറഞ്ഞു.

മാരിയോ സ്കൂളിൽ പോയിരുന്നതിനാൽ വാത്സല്യസോദരിയെ പരിചരിക്കുന്നതിനും വിനോദിപ്പിക്കുന്നതിനും അധികസമയം ലഭിച്ചിരുന്നില്ല. തന്നിമിത്തം സോദരന് അല്പം കുണ്ഠിതമുണ്ടെന്ന് ഇംഗിതജ്ഞയായ മറിയം അറിഞ്ഞു മരിയോയ്ക്കായി ചില ചില്ലറ ജോലികൾ കരുതിവയ്ക്കും. ഈ അന്തിമഘട്ടത്തിൽ ഐഹികബന്ധം അററും നിത്യാനന്ദമാധുര്യം ആസ്വദിച്ചും തുടങ്ങിയ മറിയയുടെ മന്ദഹാസം സ്വർഗ്ഗീയദ്യുതിയാൽ ദീപ്തിമത്തായിരുന്നു.

## XIII.

### ദൈവേഷ്ടം പൂർത്തിയായി.

മറിയയ്ക്കു തൻെറ സ്വർല്ലോകയാത്ര ആരംഭിക്കാറായി എന്നു നിശ്ചയമുണ്ടായിരുന്നെങ്കിലും അത് ആരേയും അറിയിച്ചില്ല. എന്നാൽ അമ്മയോട് എല്ലാ സംഗതികളും തുറന്നുപറയുക പതിവായിരുന്നതിനാൽ "പറുദീസായിലെത്തുമ്പോൾ ഞാൻ ദൈവജനനിയുടെ അടുത്തു നില്ക്കും. എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. മരണത്തെ ഞാൻ ഭയപ്പെടുന്നില്ല; അതു ജീവിതാരംഭമാണ്. ഇവിടെ ഞാൻ ഈശോയെ അറിയുന്നു, സ്നേഹിക്കുന്നു; പക്ഷേ കാണുന്നില്ല. അവിടെ ഞാൻ ഈശോയെ അറിയും; സ്നേഹിക്കും; കാണും; സമീ

ഷ്പ ചേൎന്നില്ലും" എന്നിപ്രകാരം ചില സൂചനകൾ നൽകി.

ഉഗ്രരോഗത്തിനും നിശിതവേദനകൾക്കും പുറമേ കലശലായ പനിയും അവൾക്കുണ്ടായി. മുമ്പ് ഇടയ്ക്കിടെ അല്പം ആശ്വാസമുണ്ടായിരുന്നതും നഷ്ടപ്പെട്ടു. എങ്കിലും ഉള്ളിലെ ശാന്തതേജസ്സ് മുഖത്തു പ്രകാശിക്കുക നിമിത്തം അവളുടെ സ്ഥിതി അപായകരമാണെന്നു് ആൎക്കും തോന്നിയില്ല. മേയ്മാസം മുഴുവനും മറിയം തന്റെ പീഡകളെല്ലാം ആത്മരക്ഷണാൎത്ഥം ഈശോയ്ക്കു സമൎപ്പിച്ചു. "ഈശോയെ അങ്ങേ ഇഷ്ടംപോലെ എന്തും എന്നെക്കൊണ്ടു ചെയ്തുകൊള്ളുക. എന്റെ സ്വൎഗ്ഗീയ മതാവേ! എന്റെ ഇന്നത്തെ വേദനയെ എന്റെ നിരന്തരസഹനങ്ങൾ—ഈ മാസത്തിൽ അമ്മയ്ക്കായി ഞാൻ ശേഖരിച്ചിട്ടുള്ള കുസുമങ്ങൾ—ബന്ധിക്കുന്നതിനുള്ള ഒരു പട്ടുനാടയായിട്ടു ഞാൻ ഉപയോഗിക്കുന്നു. പകരം ഒരു ആത്മാവിനെ—ഒരു വലിയ പാപിയെ—രക്ഷിക്കുക"യെന്നാണു മാസാവസാനത്തിൽ അവൾ പ്രാൎത്ഥിച്ചതു്. അവളുടെ പ്രാൎത്ഥന ഫലവത്തായിയെന്നു് അനന്തരസംഭവങ്ങൾ തെളിയിച്ചു. നാല്പതു സംവത്സരക്കാലം മതകൎമ്മങ്ങളിൽ നിഷ്ഠയില്ലാതെ ജീവിതം കഴിച്ചുപോന്നിരുന്ന ഒരു വയോവൃദ്ധൻ അന്നു വൈകുന്നേരം പാപസങ്കീൎത്തനത്തിനു ഫാദർ റോസിയുടെ അടുത്തണഞ്ഞു. മറിയം ഈ വിവരമറിഞ്ഞു്, "ഈശോ എത്ര നല്ലവൻ! ഞാൻ എന്തും സഹിക്കാൻ സന്നദ്ധയാണു്" എന്നു് ഉൽഘോഷിച്ചു.

ഒരുദിവസം ശ്വാസം പോകാതെ മറിയം വല്ലാതെ വലയുന്നതുകണ്ടു്, പനി ഭേദമാകുന്നതിനു പരിശുദ്ധകന്യകയോടപേക്ഷിപ്പാൻ ഫാദർ റോസി അവളോടു് ആവശ്യപ്പെട്ടു. ആ വീരപുത്രി സസ്മിതം അദ്ദേഹത്തെ ഒന്നു നോക്കി. മറുപടി പറഞ്ഞില്ല. പിന്നീടു മകളുടെ മ്ലാനമുഖം കണ്ടു് അമ്മ കാരണം ആരാഞ്ഞു.

മറിയം:—പനി സുഖമാക്കണമെന്നു പരിശുദ്ധ മാതാവിനോടു പ്രാത്ഥിപ്പാൻ എന്റെ ആത്മഗുരു പറയുകയുണ്ടായി.

അമ്മ:—അതു നിനക്കു തൃപ്തികരമാണോ?

മറിയം:—അല്ല.

അമ്മ:—എന്നാൽ ഇപ്രകാരം പറയൂ 'എന്റെ അമ്മേ, പനി സുഖമാക്കിത്തരണമെന്നു് അമ്മയോടു് അപേക്ഷിക്കുവാൻ ആത്മഗുരു എന്നോടാവശ്യപ്പെട്ടിരിക്കുന്നു. അമ്മയുടെ ഇഷ്ടംപോലെ ചെയ്യുക'.

ജൂൺ 1-ാംനു- ഉച്ചകഴിഞ്ഞു് അന്ത്യകൂദാശകൾ കൈക്കൊള്ളണമെന്നുള്ള ആഗ്രഹം മറിയം സ്വമാതാവിനെ അറിയിച്ചു. ഫാദർ റോസി ഉടനെതന്നെ അവൾക്കു് അന്ത്യലേപനം നൽകി. മറിയം ഭക്തിപുരസ്സരം കൂദാശവചനങ്ങൾ ആവത്തിച്ചുച്ചരിച്ചു.

ജൂൺ രണ്ടാംതീയതിയും തലേദിവസത്തേപ്പോലെതന്നെ ശ്വാസംമുട്ടലും കലശലായ പനിയും തീവ്രവേദനയുമുണ്ടായിരുന്നു; എങ്കിലും ഈ മരണകരമായ ക്ലേശങ്ങളിൽനിന്നു നമ്മുടെ വീരനായിക കൂടുതൽ ആത്മശക്തി നേടുകയാണു ചെയ്തതു്. ഈശോയുടെ തിരുസ്വരൂപത്തെ ഉററുനോക്കിക്കൊണ്ടു് "അങ്ങേ തിരു

ഹിതം പൂത്തിയാകട്ടേ" എന്ന് ആ ധന്യ സദാ പ്രാത്ഥിച്ചു.

ജൂൺ 3-ാംനു-, ആദ്യവെള്ളിയാഴ്ച, രാവിലെ ഏററവും സ്നേഹപാരമ്യത്തോടെ ആ സുകൃതിനി കുബ്ബാന ഉൾകൊണ്ട്, ദീഘനേരം ധ്യാനനിരതയായി മൗനമവലംബിച്ചുകിടന്നു. "ഇന്നു വേദന അധികമാണോ?" എന്ന് അമ്മ ചോദിച്ചു. "ഇന്ന് ഈശോയുടെ തിരുഹൃദയദിനം! അവിടുത്തെ ഇഷ്ടംപോലെ എന്നെ എന്തും ചെയ്യട്ടേ. ഞാൻ എല്ലാററിനും ഒരുങ്ങിയിരിക്കുന്നു; പകരം ആത്മാക്കളുടെ രക്ഷയെ ഞാൻ ആഗ്രഹിക്കുന്നുള്ളു." ഇതായിരുന്നു ആ ബാലികയുടെ മറുപടി.

രണ്ടുമണിക്കു പെട്ടെന്നു ദേഹമാസകലം വിറച്ചുതുടങ്ങി. "കുഞ്ഞേ! പേടിക്കേണ്ട. ഈശോ നിന്നെ അല്പംകൂടി പരീക്ഷിപ്പാൻ തിരുമനസ്സായിരിക്കുന്നു" എന്ന് അവളെ സമാധാനിപ്പിച്ചിട്ട്, ഫാദർ റോസിക്കും ഡോക്ടർക്കും മാതാവ് ആളയച്ചു.

ആത്മഗുരു ഉടനെതന്നെ വന്ന്, സ്നേഹപുരസ്സരം അവളോടു ദീഘനേരം സംസാരിച്ചശേഷം പാപമോചനവും പൂണ്ണദണ്ഡവിമോചനവും നൽകി. അനന്തരം,

ഫാദർ റോസി:— മറിയേ! ഈശോ ഇന്നുതന്നെ തന്റെ ലില്ലിയെ പറിച്ചെടുക്കുന്നതിനു തിരുമനസ്സായിരിക്കുന്നു.

മറിയം:— (സ്വഗ്ഗീയമന്ദഹാസത്തോടെ) അതെ, ഇന്ന് അവിടുന്ന് എന്നെ കൊണ്ടുപോകും. ഞാൻ കൃതാത്ഥയായിരിക്കുന്നു.

ഫാദർ റോസി:— ഹാ! നീ പറുദീസായിൽ നിത്യസു

ഖമനുഭവിക്കാൻ പോകുന്നു. നിന്റെ മാതാവ്, പിതാവ്, സഹോദരന്മാർ ഇവരെ നീ ഓർക്കുമോ? നിന്റെ ആത്മഗുരുവായ എന്നെയും, എന്റെ വിദ്യാലയത്തേയും സ്മരിക്കുമോ ?

മറിയം:— ഞാൻ എല്ലാവരേയും ഓർക്കും. സ്വർഗ്ഗത്തിലും ഞാൻ ചെറുപുഷ്പത്തെ അനുകരിച്ച് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കും.

കൂടക്കൂടെ കുത്തിവച്ചതുകൊണ്ടോ കുഴൽവഴി ഓക്സിജൻ ഉള്ളിൽ കടത്തിയതുകൊണ്ടോ ഫലമൊന്നുമുണ്ടായില്ല. ദീനം മൂർദ്ധന്യനിലയിലായി.

സന്തപ്തഹൃദയനായ പിതാവു വീണ്ടും വീണ്ടും തന്റെ ഓമനപ്പുത്രിയെ ചുംബിച്ചു. മറിയം ഈശോയുടെ നേരെ ദൃഷ്ടിപതിച്ച് അപ്പനുവേണ്ടി പ്രാർത്ഥിച്ചു. കഴിയുന്നത്ര ശ്രമിച്ചിട്ടും മനോവേദന അടക്കാൻ സാധിക്കാതെ അയാൾ ആ മുറിയിൽനിന്നും പുറത്തേയ്ക്ക് ഇറങ്ങിപ്പോയി.

ശ്വാസംമുട്ടലും വിമ്മിട്ടവും കൂടിവരുന്നതു കണ്ട്, മറിയയുടെ ആഗ്രഹാനുസരണം വിശുദ്ധകുർബ്ബാന എഴുന്നെള്ളിച്ചുകൊടുക്കുന്നതിനു ഫാദർ റോസി ബദ്ധപ്പെട്ടു. തത്സമയം ശക്തി മുഴുവനും പ്രയോഗിച്ച് ആ ചെറുരക്തസാക്ഷിണി കിടക്കയിൽ എഴുന്നേററിരുന്നു. സ്വർഗ്ഗീയപ്രഭാപൂരം കളിയാടുന്ന ആ മുഖത്തു മധുരമന്ദഹാസത്തോടെ അവൾ പറഞ്ഞു: "ഹാ ! എന്തു സൗന്ദര്യം ! എത്ര മനോഹരം ! ഈശോയെ പ്രസാദിപ്പിപ്പാൻ എന്നാൽ ആവുന്നതെല്ലാം ചെയ്തുകൊണ്ടു ഞാൻ സന്തുഷ്ടയായിരിക്കുന്നു. കൃതാർത്ഥയായിരിക്കുന്നു.

പക്ഷേ - - എല്ലാവരും - - എല്ലാവരും - - ലോകം മുഴുവ നും - - ഈശോയെ പ്രസാദിപ്പിക്കുന്നതിന് - - കഴിയുന്നത്ര ശ്രമിച്ചെങ്കിൽ! - - ഹാ! - - എല്ലാം മാലാഖാമാർ!! - - അമ്മ് - - മ - - ". ഈ വികാരോജ്ജ്വലമായ പ്രലപന ത്താൽ തളന്ന് ഒരക്ഷരം മിണ്ടുന്നതിനു ശക്തിയില്ലാതെ മറിയം കിടക്കയിൽ വീണു.

ഫാദർ റോസി ആഹ്ലോഷപൂർവ്വം ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊണ്ടുവന്നു. എന്നാൽ ആ പ്രേമനി ധിയായ ബാലികയ്ക്കു വായ് തുറക്കുവാൻ ശക്തിയുണ്ടാ യിരുന്നില്ല. ഉത്തരക്ഷണത്തിൽ ഫാദർ റോസി, പെ ട്ടെന്നുണ്ടായ ഒരു ഉൽബോധനത്താൽ, തിരുവോസ്തി അ ടക്കം ചെയ്തിരുന്ന അരുളിക്ക അവളുടെ മാറിൽ വച്ചു. രണ്ടരമണിക്കൂർനേരത്തേയ്ക്ക് അവൾ ആ നിലയിൽ കിടന്നു. ഇടയ്ക്ക് ആത്മഗുരു അവളെ ആശ്വസിപ്പിച്ചു: "മറിയേ, ഈശോ നിൻെറ മാറിൽ വിശ്രമിക്കുന്നു. നീ ദൈവത്തിൻെറ അരുളിക്ക ആയിരിക്കുന്നു. ഈ അന്ത്യ വേദനയിൽ നീ ധൈര്യമായിരിക്കുക. നിത്യസുഖം ആ സന്നമായിരിക്കുന്നു. ദിവ്യനാഥനും ദിവ്യജനനിയും തൃക്ക രങ്ങൾ നീട്ടിയിരിക്കുന്നു. സ്വർഗ്ഗത്തിൽ ഞങ്ങളെ ഓർക്കു ക." ആ വന്ദ്യവൈദികൻ തീർത്ഥജലം തളിച്ചു. ജപ ങ്ങൾ അർപ്പിച്ചു. ഒൻപതുമണിയോടുകൂടി ഈശോ ത ൻെറ വാത്സല്യകുസുമത്തെ ഈ കണ്ണുനീരിൻെറ താഴ്വ രയിൽനിന്നും സ്വർഗ്ഗമണ്ഡപം അലങ്കരിക്കുന്നതിനായി ഇറുത്തെടുത്തുകൊണ്ടുപോയി.

തത്സമയം ദുഃഖാധിക്യത്താൽ മാതാപിതാക്ക ന്മാരുടെയും ബന്ധുജനങ്ങളുടേയും ഹൃദയം വെന്തുനീറി

യിരുന്നെങ്കിലും, മറിയം വാഗ്ദാനം ചെയ്തതനുസരിച്ച് സ്വർഗ്ഗഭവനത്തിൽനിന്നുള്ള പ്രഥമമായ ഒരു അഭൌമികശാന്തിപ്രസരത്താൽ ആശ്വാസിതരായി അവർ 'തെദേവും' എന്ന സ്തോത്രഗീതം പാടി.

മൃതശരീരം അഴിയാതിരിക്കുന്നതിനു മരുന്നു കുത്തിവയ്ക്കണമെന്നു ഡോക്ടരോട് ആവശ്യപ്പെട്ടു; പക്ഷേ ആ സുകൃതിനിയുടെ വീരപുണ്യങ്ങൾക്കും അത്യത്ഭുതസഹനങ്ങൾക്കും ദൃക്സാക്ഷിയായിരുന്ന ഡോക്ടർ ആ പാവനജഡത്തെ സ്പർശിക്കുന്നതിനു താൻ യോഗ്യനല്ലെന്നു കരുതി അതിനു വഴിപ്പെട്ടില്ല. പ്രഥമദിവ്യകാരുണ്യം സ്വീകരിച്ച ദിവസത്തേപ്പോലെ ശുഭ്രവസ്ത്രങ്ങൾ അണിഞ്ഞു്, കുസുമാവലിയാൽ അലംകൃതയായി, 60 മണിക്കൂർനേരം കിടന്നിട്ടും ആ നിർമ്മലശരീരത്തിന് അല്പമെങ്കിലും ഭാവഭേദമുണ്ടായില്ല. സ്നേഹം സഹനം ഈ മുദ്രാവാക്യങ്ങളെ മുറുകെ പിടിച്ച് അല്പകാലത്തിനുള്ളിൽ പല മഹാകാര്യങ്ങൾ—പരമത്യാഗത്താൽ ആത്മവിജയവും, പരസേവനതൽസുകൃത്താൽ ആത്മരക്ഷണവും—സാധിച്ച ആ വീരബാലികാരത്നത്തെ ഒരുനോക്കു കാണുന്നതിനും അവളുടെ സഹായം അർത്ഥിക്കുന്നതിനുമായി അനേകായിരം ജനങ്ങൾ എത്തിക്കൂടി. പലരും അവരുടെ ജപമാലകളും രൂപങ്ങളും ആ സിദ്ധയുടെ പൂമേനിയിൽ തൊട്ടുവിക്കുകയും, അങ്ങനെ ചെയ്യുന്നതിനു സാധിച്ചവർ തങ്ങൾക്ക് അമൂല്യമായ ഒരു നിധി തന്നെയാണു സിദ്ധിച്ചിരിക്കുന്നതെന്ന വിചാരത്താൽ കൃതാർത്ഥതയടയുകയും ചെയ്തു.

ജൂൺ 6-ാംനു- തിങ്കളാഴ്ച, മറിയയുടെ കാൽവരിയി

ലേയ്ക്കുള്ള ക്ലേശഭൂയിഷ്ഠമായ ആരോഹണത്തിൽ മാഗ്ഗദർശിയായിരുന്ന ഫാദർ റോസിയുടെ പ്രധാനകാർമ്മികത്വത്തിൽ, സംസ്കാരകർമ്മം അത്യാഘോഷപൂർവ്വം നടത്തപ്പെട്ടു. നമ്മുടെ വീരനായിക ഇപ്പോഴും സ്വർഗ്ഗത്തിൽ തന്റെ പ്രേഷകവൃത്തി തുടരുന്നു; അഭയാർത്ഥികളെ സഹായിച്ചും പരിരക്ഷിച്ചുംകൊണ്ടു സ്വവാഗ്ദാനം പരിപാലിക്കുന്നു.

അമാനുഷികങ്ങളായ വീരപ്രവൃത്തികളൊന്നും ചെയ്തല്ലാ മറിയം പുണ്യപൂർണ്ണതയിലേയ്ക്ക് ആരോഹണം ചെയ്തതു്. എങ്കിലും സ്നേഹം ത്യാഗം സഹനം എന്നീ വിശിഷ്ടഗുണങ്ങൾ അവളിൽ സുതരാം പരിലസിച്ചിരുന്നുവെന്നു നമുക്കറിയാം. “എന്നെ അനുഗമിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു്, തന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ”യെന്നാണല്ലൊ ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുള്ളതും. ആ ക്രൈസ്തവപ്രഭാഷണത്തിനു് അനുസൃതമായി ജീവിതം നയിക്കുകയെന്നുള്ളതായിരുന്നു പുണ്യസമ്പാദനത്തിലേയ്ക്കുള്ള മറിയത്തിന്റെ കുറുക്കുവഴി. സ്നേഹം ത്യാഗം സഹനം എന്നീ വിശിഷ്ടഗുണങ്ങൾ സമ്പാദിക്കുന്നതിനുള്ള ഒരു പ്രചോദനമാണു മറിയത്തിന്റെ ചരിത്രം നമുക്കു പ്രദാനം ചെയ്യുന്നതു്.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 29 DEC 1995 | | |
| 28 NOV 1997 | | |
| 29 SEP 2001 | | |

DC Library
*00002655*
LO UD9